പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2019 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്**

(Presented on 27th June, 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ആനുകാലിക റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly].

748/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 27 |

## സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2019-2021)

**ഘടന***

<u>അദ്ധ്യക്ഷൻ</u> :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി,

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.

ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.

ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

---

*7-1-2019-ലെ ബുള്ളറ്റിൻ (ഭാഗം-2) നമ്പർ 598 പ്രകാരം സമിതി (2019-2021) രൂപീകൃതമായി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-2019, 2019-2021 കാലയളവിലുള്ള സമിതികൾ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി ആകെ 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 2 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 2 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 5 യോഗങ്ങൾ 235(1)(iii)-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം വിഷയം ചർച്ച ചെയ്യുന്നതിനും, കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വേണ്ടിയുമാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 43% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ അദ്ധ്യായം III-ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച (2018-19) സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും അദ്ധ്യായം VI-ലും, സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2019 ജൂൺ 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,

2019 ജൂൺ 25.

## റിപ്പോർട്ട്

### അദ്ധ്യായം I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപ്പറയും പ്രകാരം നാല് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി:

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്;
2. 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്;
3. 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്;
4. 2018-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

### അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് (പ്രസ്തുത ബിൽ 18-6-2018-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും റിപ്പോർട്ട് 20-6-2018-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

2. 2018-ലെ കേരള ചരക്കു സേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(പ്രസ്തുത ബിൽ 4-12-2018-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും റിപ്പോർട്ട് 5-12-2018-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അദ്ധ്യായം III

# സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

(a) സമിതി പരിഗണിച്ച കരട് ചട്ടം

2013-ലെ കേരള ധനകാര്യ ആക്ടിലെ ആഡംബര നികുതി സംബന്ധിച്ച വകുപ്പ് 8-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള 2017-ലെ കേരള ആഡംബര നികുതി (ഭേദഗതി) ചട്ടങ്ങൾ.

(23-5-2018-ലെ യോഗത്തിൽ പ്രസ്തുത കരട് ചട്ടം പരിഗണിച്ച സമിതി ആഡംബര നികുതി ജി.എസ്.ടി.-യിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു)

(ഫയൽ നമ്പർ 4428/സബ്.സി.ഇ 2/2013/നി.സെ.)

(b) സമിതി പരിഗണിച്ച എസ്.ആർ.ഒ.-കൾ

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച കുറിപ്പുകൾ സമിതി അംഗീകരിക്കുകയും പ്രസ്തുത എസ്.ആർ.ഒ.-കൾക്ക് ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു.

| ക്രമ നമ്പർ | എസ്.ആർ.ഒ.കളുടെ വിശദാംശം | സമിതി സാധൂകരണം നൽകിയ തീയതി |
|---|---|---|
| 1 | 2 | 3 |
| 1 | 2017-ലെ കേരള ചരക്ക് സേവന നികുതി ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ച 354/2017, 355/2017, 356/2017, 357/2017, 358/2017, 359/2017, 360/2017, 361/2017, 362/2017, 363/2017, 364/2017, 365/2017, 366/2017, 367/2017, 368/2017, 369/2017, 370/2017, 371/2017, 372/2017, 373/2017, 374/2017, 375/2017, 376/2017, 377/2017, 378/2017 എന്നീ നമ്പർ എസ്.ആർ.ഒ.കൾ<br>(ഫയൽ നമ്പർ 4281/സബ്.സി.ഇ 2/2017/നി.സെ.) | 23-5-2018 |

| 1 | 2 | 3 |
|---|---|---|
| 2 | 1953-ലെ കേരള് ഫോറിൻ ലിക്വർ റൂൾസ്, 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ് എന്നിവയിൽ നിയമഭേദഗതി വരുത്തി പുറപ്പെടുവിച്ച | |
| a | എസ്.ആർ.ഒ. നമ്പർ 89/2017 (ഫയൽ നമ്പർ 1736/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| b | എസ്.ആർ.ഒ. നമ്പർ 90/2017 (ഫയൽ നമ്പർ 3053/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| c | എസ്.ആർ.ഒ.നമ്പർ 230/2017, 231/2017 (ഫയൽ നമ്പർ 4139/സബ്.സി.ഇ 2/2017/ നി.സെ.) | 25-7-2018 |
| d | എസ്.ആർ.ഒ. നമ്പർ 549/2017 (ഫയൽ നമ്പർ 5236/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| e | എസ്.ആർ.ഒ.നമ്പർ 550/2017 (ഫയൽ നമ്പർ 5535/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| f | എസ്.ആർ.ഒ. നമ്പർ 551/2017 (ഫയൽ നമ്പർ 6042/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| 3 | കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഒരു സേവിംഗ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 491/2017 (ഫയൽ നമ്പർ 4110/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| 4 | 2017-ലെ കേരള ചരക്ക് സേവന നികുതി ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 470/2017 (ഫയൽ നമ്പർ 4228/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |

| 1 | 2 | 3 |
|---|---|---|
| 5 | 1963-ലെ കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, 2003-ലെ കേരള വാല്യൂ ആഡഡ് ടാക്സ്, 2017-ലെ കേരള ചരക്ക് സേവന നികുതി ഓർഡിനൻസ് എന്നിവ പ്രകാരം പുറപ്പെടുവിച്ച 535/2017, 536/2017, 537/2017, 543/2017, 544/2017, 545/2017, 566/2017, 581/2017, 616/2017 എന്നീ നമ്പർ എസ്.ആർ.ഒ.കൾ<br>(ഫയൽ നമ്പർ 5021/സബ്.സി.ഇ 2/2017/നി.സെ.) | 25-7-2018 |
| 6 | 2017-ലെ സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച 638/17,639/2017,671/17, 702/17, 703/17, 704/17, 705/17,706/17, 707/17, 708/17, 715/17, 716/17, 717/17, 718/17, 720/17, 721/17, 722/17, 723/17, 724/17, 725/17, 726/17, 727/18, 728/17, 729/17, 730/17, 731/17, 732/17, 733/17, 734/17, 735/17, 736/17, 737/17, 738/17, 739/17, 740/17, 741/17, 742/17, 743/17, 744/17, 745/17, 746/17, 747/17, 764/17, 782/17, 783/17, 784/17,785/17 എന്നീ എസ്.ആർ.ഒ.കൾ<br>(ഫയൽ നമ്പർ 647/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 7 | കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ് പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ.നമ്പർ 240/17<br>(ഫയൽ നമ്പർ 1111/സബ്.സി.ഇ 2/2018/നി.സെ.)<br>എസ്.ആർ.ഒ.നമ്പർ 595/2017<br>(ഫയൽ നമ്പർ 1215/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 8 | 2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം, 2017-ലെ കേരള ചരക്ക് സേവന നികുതി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 49/2018, 79/2018, 88/2018<br>(ഫയൽ നമ്പർ 1838/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |

| 1 | 2 | 3 |
|---|---|---|
| 9 | 2017-ലെ കേരള ചരക്ക് സേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 19/2018, 140/2018, 141/2018, 142/2018<br>(ഫയൽ നമ്പർ 2365/സബ്.സി.ഇ 2/2018/നി.സെ.)<br>എസ്.ആർ.ഒ. നമ്പർ 189/2018, 190/2018, 250/2018<br>(ഫയൽ നമ്പർ 2945/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 10 | ഫോറിൻ ലിക്വർ റൂൾസിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 254/2018<br>(ഫയൽ നമ്പർ 3701/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 11 | സ്പിരിച്വസ് പ്രിപ്പറേഷൻസ് (കൺട്രോൾ) റൂൾസ് 1969- ൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 287/2018<br>(ഫയൽ നമ്പർ 3702/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 12 | 2017-ലെ കേരള ചരക്ക് സേവന നികുതി നിയമം, 1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 342/2018, 345/2018<br>(ഫയൽ നമ്പർ 4194/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 13 | 1982-ലെ ചിറ്റ് ഫണ്ട് ആക്ട് പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 156/2018, 157/2018<br>(ഫയൽ നമ്പർ 1980/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 14 | ഫോറിൻ ലിക്വർ റൂൾസിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച<br>എസ്.ആർ.ഒ.നമ്പർ 351/2018<br>(ഫയൽ നമ്പർ 3855/സബ്.സി.ഇ 2/2018/നി.സെ.) | 25-9-2018 |
| 15 | 2017-ലെ കേരള ചരക്ക് സേവന നികുതി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച<br>എസ്.ആർ.ഒ.നമ്പർ 473/2018, 474/2018, 475/2018, 476/2018, 477/2018, 478/2018, 479/2018, 480/2018, 481/2018, 512/2018, 513/2018, 514/2018, 515/2018, 516/2018, 517/2018, 518/2018, 519/2018, 520/2018, 521/2018 | 29-11-2018 |

| 1 | 2 | 3 |
|---|---|---|
| | 1963-ലെ കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 533/2018, 553/2018, 554/2018, 555/2018, 556/2018, 557/2018, 558/2018, 559/2018, 560/2018, 583/2018, 584/2018, 585/2018, 594/2018, 595/2018<br>(ഫയൽ നമ്പർ 5476/ സബ്.സി.ഇ 2/2018/നി.സെ.) | |

## അദ്ധ്യായം - IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം ചർച്ച ചെയ്ത വിഷയങ്ങൾ

25-9-2018-ലെ യോഗത്തിൽ ചരക്ക് സേവന നികുതി (GST) സംബന്ധിച്ച വിഷയം സമിതി ചർച്ച ചെയ്തു.

(ഫയൽ നമ്പർ 5026/സബ്.സി.ഇ 2/2018/നി.സെ.)

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6)പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് | ധനാഭ്യർത്ഥന | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | XXVIII | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | 20-6-2018 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | XVI | കായിക<br>യുവജനകാര്യം<br>റവന്യൂ | 20-6-2018<br>20-6-2018 |
| | | XLV | പൊതുഭരണ<br>സ്പെഷ്യൽ (സി)<br>വകുപ്പ് | 20-6-2018 |
| | | XVI | സൈനികക്ഷേമ<br>വകുപ്പ്,<br>പൊതുഭരണ<br>(പൊളിറ്റിക്കൽ)<br>വകുപ്പ്<br>ഭാഗ്യക്കുറി വകുപ്പ് | 6-12-2018<br>6-12-2018<br>6-12-2018 |
| | | X, XI, XVI, XLVI, XLV, XLIII | ധനകാര്യ വകുപ്പ് | 6-12-2018 |
| | | VIII | എക്സൈസ് വകുപ്പ് | 6-12-2018 |
| | | V | ഇലക്ട്രിക്കൽ<br>ഇൻസ്പെക്ടറേറ്റ് | 6-12-2018 |
| 2 | 2016-2017 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | XI, XVI | ലാന്റ് റവന്യൂ<br>കമ്മീഷണറേറ്റ് | 6-12-2018 |
| | | V | വാണിജ്യനികുതി | 6-12-2018 |
| 3 | 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ | V | വാണിജ്യനികുതി | 6-12-2018 |

## അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 19-2-2019, 13-3-2019 എന്നീ തീയതികളിൽ യോഗം ചേരുകയും 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ചുവടെ ചേർക്കുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു :

| | | |
|---|---|---|
| ധനാഭ്യർത്ഥന V | — | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന VIII | — | എക്സൈസ് |
| ധനാഭ്യർത്ഥന X | — | ട്രഷറികളും, അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന XI | — | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന XVI | — | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന XLV | — | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന XLVI | — | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

**(a) 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

(ഫയൽ നമ്പർ 1744/സബ്.സി.ഇ 2/2018/നി.സെ.)

| റിപ്പോർട്ട് | ആകെ ശിപാർശകൾ | മറുപടി സ്റ്റേറ്റ്മെന്റ് ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പും | സമിതിയിൽ സമർപ്പിച്ച തീയതി | നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ഖണ്ഡികയും ബന്ധപ്പെട്ട വകുപ്പും |
|---|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) | 40 | (i) ഖണ്ഡിക നമ്പർ 19 മുതൽ 25 വരെ (നികുതി) | 25-7-2018 | (i) ഖണ്ഡിക നമ്പർ 1 മുതൽ 15 വരെ (നികുതി)<br>(ii) ഖണ്ഡിക നമ്പർ 17,18,26 (ധനകാര്യം)<br>(iii) ഖണ്ഡിക നമ്പർ 27 (കായികവും യുവജന കാര്യവും)<br>(iv) ഖണ്ഡിക നമ്പർ 29,30 (പൊതുഭരണം)<br>(v) ഖണ്ഡിക നമ്പർ 31 (ആഭ്യന്തരം)<br>(vi) ഖണ്ഡിക നമ്പർ 32, 33 (റവന്യൂ) |
| | | (ii) ഖണ്ഡിക നമ്പർ 34, 35, 36 ധനകാര്യ (ലോൺസ്) | 25-7-2018 | |
| | | (iii)ഖണ്ഡിക നമ്പർ 16, 37, 38, 39, 40 ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) | 25-7-2018 | |
| | | (iv) ഖണ്ഡിക നമ്പർ 28 (സൈനിക ക്ഷേമം) | 25-9-2018 | |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

(i) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18)

(ഫയൽ നമ്പർ 2532/സബ്.സി.ഇ 2/2017/നി.സെ.)

**29-11-2018-ലെ യോഗത്തിൽ പരിഗണിച്ചവ**

ശിപാർശ (ഖണ്ഡിക 18)

2047-00-103-99-34—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ് -മറ്റ് ചെലവുകൾ

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ 130.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരികയാണെങ്കിൽ ചെലവിന്റെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 19)

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും കുടിശ്ശികയുൾപ്പെടെയുള്ള പ്രതിഫലം നൽകുന്നതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 57 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2047-00-103-87 ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും കുടിശ്ശിക ഉൾപ്പെടെയുള്ള പ്രതിഫലം നൽകുന്നതിനായി 161 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നു. 2016 ഡിസംബർ വരെയുള്ള ഏജന്റുമാരുടെ പ്രതിഫലം നടപ്പ് സാമ്പത്തിക വർഷം

നൽകുകയും (14,71,62,737 രൂപ), ഇടുക്കി ജില്ലയിൽ കോടതിവിധി പ്രകാരം 55,545 രൂപ പ്രതിഫലമായി നൽകുകയും ചെയ്തിരുന്നു. ടി തുക കിഴിച്ച് 1,46,27,81,718 രൂപ ശീർഷകത്തിൽ അവശേഷിക്കുന്നു. 2017 ജനവരി മുതൽ 2016-17 സാമ്പത്തിക വർഷത്തെ 3 മാസവും 2017-18 സാമ്പത്തിക വർഷത്തെ 11 മാസത്തെ പ്രതിഫലവും ഉൾപ്പെടെ 14 മാസത്തെ പ്രതിഫലം വിതരണം ചെയ്യേണ്ടതുണ്ട്. ഇതിലേയ്ക്കായി ഇനി 217 കോടി രൂപ ആകെ വേണ്ടി വരും. ഇപ്രകാരം നിലവിൽ ലഭ്യമായ 1,46,27,81,718 രൂപ കിഴിച്ച് 70,72,18,282 രൂപ അധികമായി വേണ്ടിവരും. ടി തുക (സമിതി ശിപാർശ ചെയ്ത തുക ഉൾപ്പെടെ) അധിക ധനാനുമതി മുഖേന ലഭ്യമാക്കുവാൻ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിന്നും 40 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി തുക പ്രസ്തുത ശീർഷകത്തിൽ ആ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 20)

**2047-00-103-86—ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി**

ഭവന വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 9.99 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2047-00-103-89 ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഭവന പദ്ധതി എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനാണ് ഉൾപ്പെടുത്തിയിരുന്നത്. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കായി സർക്കാർ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിലെ സർക്കാർ സബ്സിഡി 1000 ച.അടി വരെയുള്ള വീട് വയ്ക്കുന്നവർക്കോ 15 ലക്ഷം രൂപ വരെയുള്ള വീട് വയ്ക്കുന്നവർക്കോ ആയി പരിമിതപ്പെടുത്തിയിരുന്നു. കെട്ടിടത്തിന്റെ മേൽക്കൂര വാർത്ത് കഴിഞ്ഞാൽ ബോർഡ് എഞ്ചിനീയറുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് സബ്സിഡി നൽകുന്നത്. 2017-18 സാമ്പത്തിക വർഷം യോഗ്യരായ ഏജന്റുമാരുടെ അപേക്ഷ ലഭിക്കാതിരുന്ന സാഹചര്യത്തിൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

[സർക്കാർ കത്ത് നമ്പർ സി1/25/2017/ധന. (415446) തീയതി 9-9-2018)]

(18 മുതൽ 20 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ (ഖണ്ഡിക 32)</u>

2075-00-800-90—<u>മുൻനാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ-പെൻഷൻ</u>

കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായിരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2017-18 സാമ്പത്തികവർഷം ₹ 1,27,50,000 (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി അമ്പതിനായിരം) വകയിരുത്തിയിരുന്നുള്ളുവെങ്കിലും ₹ 2,28,63,513 (രണ്ടു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തിമൂന്നായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപ) ചെലവായി.

<u>ശിപാർശ (ഖണ്ഡിക 33)</u>

2075-00-800-83—<u>മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം-പെൻഷൻകാർക്ക് പെൻഷൻ നൽകൽ</u>

കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക കൂടാതെ അധികമായി 1.75 ലക്ഷം രൂപ ചെലവഴിക്കേണ്ടിവന്നതിനാൽ പ്രസ്തുത ആവശ്യത്തിന് ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നിന്നും ബഡ്ജറ്റ് വിഹിതമായ ₹ 15,00,000 (പതിനഞ്ച് ലക്ഷം രൂപ) പുറമെ അധികമായി ചെലവായ ₹ 3,43,552 (മൂന്നു ലക്ഷത്തി നാൽപ്പത്തി മൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തി രണ്ട് രൂപ) ഉൾപ്പെടെ ആകെ 18,43,552 (പതിനെട്ട് ലക്ഷത്തി നാൽപത്തി മൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തി രണ്ടു രൂപ) 2017-18 സാമ്പത്തിക വർഷം ചെലവായി.

<u>ശിപാർശ (ഖണ്ഡിക 34)</u>

2071-01-200-97—<u>കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ</u>

കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നടപ്പ് സാമ്പത്തിക വർഷം 35 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിലേക്കായി ബഡ്ജറ്റ് വിഹിതമായ ₹ 2,05,00,000-ന് (രണ്ട് കോടി അഞ്ച് ലക്ഷം രൂപ) പുറമെ ₹ 29,47,000 (ഇരുപത്തിയൊമ്പത് ലക്ഷത്തി നാൽപ്പത്തി ഏഴായിരം രൂപ) അധിക തുക വകയിരുത്തുകയും ആകെ ₹ 2,34,47,000 (രണ്ട് കോടി മുപ്പത്തിനാല് ലക്ഷത്തി നാൽപ്പത്തിയേഴായിരം രൂപ) 2017-18 സാമ്പത്തിക വർഷം ചെലവായി.

<u>ശിപാർശ (ഖണ്ഡിക 35)</u>

കേരളത്തിലെ എല്ലാ മുൻ നാട്ടുരാജാക്കൻമാരുടെയും കുടുംബാംഗങ്ങളുടെയും പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ എല്ലാ മുൻനാട്ടുരാജാക്കൻമാർക്കും കുടുംബാംഗങ്ങൾക്കും പ്രതിമാസം നൽകി വരുന്ന ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ തുക 29-10-2017-ലെ സ.ഉ. (കൈ.) 324/2017/പൊ. ഭ.വ. പ്രകാരം ആയിരം രൂപയിൽ നിന്നും മൂവായിരം രൂപയായി ഉത്തരവ് തീയതി മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 85/പോൾ-3/2018/പൊ.ഭ.വ. തീയതി നമ്പർ 4-10-2018; 32 മുതൽ 35 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു.

12-17, 21-31, 36, 38-45 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 18-6-2018-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 20-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

(ii) <u>ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)</u>

(ഫയൽ നമ്പർ 4943/സബ്.സി.ഇ 2/2016/നി.സെ.)

## 23-5-2018-ലെ യോഗത്തിൽ പരിഗണിച്ചവ

### ശിപാർശ (ഖണ്ഡിക 1)

### 2040-00-101-97-04 (1)—വാണിജ്യ നികുതി ഓഫീസുകൾ-യാത്രാബത്ത

2016-17 സാമ്പത്തിക വർഷം മുതൽ ചരക്ക് സേവന നികുതി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും മറ്റുമായി ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്ര നടത്തേണ്ടതായിട്ടുള്ളതിനാൽ വിമാന യാത്രാക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

യാത്രാബത്ത ഇനത്തിൽ ആകെ ചെലവായത് 78,84,364 രൂപയാണ്.

### ശിപാർശ (ഖണ്ഡിക 2)

### 2040-00-101-97-05 (1)—ഓഫീസ് ചെലവുകൾ-വെള്ളക്കരം

2016-17 വർഷത്തേക്ക് വെള്ളക്കരം ഇനത്തിൽ 14.4 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 6.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 7.7 ലക്ഷത്തിനുപുറമേ, യഥാക്രമം ജി.ഒ.(ആർടി.) നമ്പർ 9011/16/ഫിൻ. തീയതി 17-11-2016 പ്രകാരം 2 ലക്ഷം രൂപയും, ജി.ഒ. (ആർടി.) നമ്പർ 1070/17/ഫിൻ. തീയതി 10-2-2017 പ്രകാരം 1 ലക്ഷം രൂപയും, അഡീഷണൽ ഓതറൈസേഷൻ ഇനത്തിൽ അനുവദിച്ചു ഇതുകൂടാതെ ജി.ഒ.(ആർടി.)നമ്പർ 2246/17/ഫിൻ. തീയതി 20-3-2017, പ്രകാരം റീ അപ്രോപ്രിയേഷൻ വഴി 2 ലക്ഷം രൂപയും അനുവദിച്ചു പ്രസ്തുത ശീർഷകത്തിൽ ചെലവായിട്ടുള്ളത് 10,44,575 രൂപയാണ്.

### ശിപാർശ (ഖണ്ഡിക 3)

### 2040-00-101-97-05(4)—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

നടപ്പ് സാമ്പത്തിക വർഷം ചരക്ക് സേവന നികുതി വ്യവസ്ഥ നടപ്പാക്കാനിരിക്കുന്നതിനാൽ, ഇതുമായി ബന്ധപ്പെട്ട ഓഫീസ് ചെലവുകൾക്കും ഹാർഡ്‌വെയർ

നവീകരണത്തിനും വാർഷിക അറ്റകുറ്റപ്പണി നവീകരണ കരാറുകൾ പുതുക്കുന്നതിനും മറ്റുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 195 ലക്ഷം രൂപയിൽ 1,44,12,322 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ.

<u>ശിപാർശ (ഖണ്ഡിക 4)</u>

2040-00-101-97-17—<u>ചെറുകിട മരാമത്തുപണികൾ</u>

വാണിജ്യ നികുതി വകുപ്പിൽ ചെറുകിട മരാമത്ത് പണികൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ടാക്സ് കോംപ്ലക്സ് ഓഫീസുകൾ, ടോയ്‌ലെറ്റ് സംവിധാനം എന്നീ മരാമത്ത് പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കേണ്ടതായിട്ടുള്ളതിനാൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നപടി</u>

പ്രസ്തുത ശീർഷകത്തിൽ 2016-17 വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത് 20 ലക്ഷം രൂപയാണ്. തുടർന്ന് ജി.ഒ. (ആർടി.) നമ്പർ 8221/16/ഫിൻ. തീയതി 18-10-2016 പ്രകാരം 2.5 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ അനുവദിക്കുകയുണ്ടായി. പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവായത് 1,64,17,515 രൂപയാണ്.

<u>ശിപാർശ (ഖണ്ഡിക 5)</u>

2040-00-101-97-18—<u>സംരക്ഷണം</u>

വാണിജ്യനികുതി ഓഫീസുകളിലെ ലിഫ്റ്റ് സംവിധാനം, ഇ-ഓഫീസ് സംവിധാനം, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (ലാൻ) എന്നിവ കാലഹരണപ്പെട്ട് തുടങ്ങിയിരിക്കുന്നതിനാൽ ഇവയുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഈ ശീർഷകത്തിൽ 1.33 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത് 10 ലക്ഷം രൂപയാണ്. തുടർന്ന് ജി.ഒ. (ആർടി.) നമ്പർ 8221/16/ഫിൻ. തീയതി 18-10-2016, പ്രകാരം 1,40,35,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു. കൂടാതെ ജി.ഒ. (ആർടി.) നമ്പർ 3015/2017/ഫിൻ. തീയതി 31-8-2017, പ്രകാരം 1,09,00,000 രൂപ റീഅപ്രോപ്രിയേഷൻ വഴി അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ ആകെ ചെലവായ തുക 1,80,93,507 ആണ്.

<u>ശിപാർശ (ഖണ്ഡിക 6)</u>

2040-00-101-97-21—<u>മോട്ടോർ വാഹനങ്ങൾ</u>

2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാലും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ വകുപ്പിനാവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയത് ജി.ഒ. (എം.എസ്.) നമ്പർ 15/2017/ടാക്സ് തീയതി 17-3-2017 പ്രകാരമാണ്. ആയതിനാൽ ടി ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിക്കേണ്ടി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 7)</u>

2040-00-101-97-21(2)—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാണിജ്യനികുതി വകുപ്പിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളിൽ നല്ലൊരു ശതമാനവും കാലപ്പഴക്കം ചെന്നവയായതിനാൽ അറ്റകുറ്റപ്പണികളുടെ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 33.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 92 ലക്ഷം രൂപയിൽ നിന്നും 81,36,132 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ.

ശിപാർശ (ഖണ്ഡിക 8)

2040-00-101-97-34-3—മറ്റിനം

ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾക്കായും, ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപാരി വ്യവസായികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി പത്രങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുമുള്ള പരസ്യത്തിനായും അധിക തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 4.75 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ 4.5 കോടി രൂപയ്ക്ക് പുറമേ, ജി.ഒ. (ആർടി.) നമ്പർ 3856/2016/ഫിൻ. തീയതി 27-4-2016, ജി.ഒ. (ആർടി.) നമ്പർ 8221/2016/ഫിൻ. തീയതി 18-10-2016 എന്നിവ പ്രകാരം യഥാക്രമം 12.43 ലക്ഷം രൂപയും, 5.25 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ ഇനത്തിൽ അനുവദിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവായ തുക 4,46,72,994 രൂപയാണ്.

ശിപാർശ (ഖണ്ഡിക 9)

2040-00-101-97-45—പി.ഒ.എൽ.

ഇന്ധന വില അടിക്കടി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 333.5 ലക്ഷം രൂപയിൽ നിന്നും 2,29,38,994 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ.

ശിപാർശ (ഖണ്ഡിക 10)

2040-00-101-94-19—കമ്പ്യൂട്ടർവൽക്കരണം - യന്ത്രോപകരണങ്ങൾ

വാണിജ്യനികുതി വകുപ്പിൽ ഐ.ടി. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഇ-ഗവേണൻസ് വ്യാപനം, ഓഫീസ് കോംപ്ലക്സുകളിൽ യു.പി.എസ്. സ്ഥാപിക്കൽ, ചെക്ക്പോസ്റ്റുകളെ ബന്ധപ്പെടുത്തി ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കൽ, ജി.എസ്.ടി. നടപ്പിലാക്കൽ, KVATIS, IT Infrastructure Development എന്നീ ഇനങ്ങളിലായി നിലവിൽ

അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതവും, അഡീഷണൽ ഓതറൈസേഷനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31.83 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത് 6,00,00,000 രൂപ ആണ്. ഇതുകൂടാതെ ജി.ഒ. (ആർടി.) നമ്പർ. 3856/2016/ഫിൻ. തീയതി 27-4-2016, ജി.ഒ.(ആർടി.) നമ്പർ 5549/2016/ഫിൻ തീയതി 27-06-2016, ജി.ഒ. (ആർടി.) നമ്പർ 8221/2016/ഫിൻ. തീയതി 18-10-2016 എന്നിവ പ്രകാരം യഥാക്രമം ₹ 87,33,000, ₹ 8,50,00,000, ₹26,83,00,000 എന്നീ തുകകൾ അഡീഷണൽ ഓതറൈസേഷൻ ഇനത്തിൽ അനുവദിച്ച പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവായ തുക ₹ 15,76,36,945 ആണ്.

<u>ശിപാർശ (ഖണ്ഡിക 11)</u>

2040-00-101-94-34-3—<u>മറ്റ് ചെലവുകൾ- മറ്റിനം</u>

ചരക്ക് സേവന നികുതി നടപ്പാക്കുന്നതിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ്, ഉദ്യോഗസ്ഥരുടെ പരിശീലനം, പൊതുജനാവബോധം സൃഷ്ടിക്കൽ, പരസ്യപ്രചരണം എന്നീ ഇനങ്ങളിൽ ഗണ്യമായ ചെലവ് പ്രതീക്ഷിക്കുന്നതിനാലും, നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാലും, 5.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 40 ലക്ഷത്തിനു പുറമേ, ജി.ഒ. (ആർടി.) നമ്പർ 3036/2017/ഫിൻ. തീയതി 31-3-2017 പ്രകാരം റിഅപ്രോപ്രിയേഷൻ വഴി 50 ലക്ഷം രൂപ അധികമായി അനുവദിച്ച പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവായ തുക 89,68,848 രൂപയാണ്.

<u>ശിപാർശ (ഖണ്ഡിക 12)</u>

4059-01-051-75-16—<u>വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്ത് പണികൾ</u>

മഞ്ചേശ്വരം, വാളയാർ (ഔട്ട്), ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 10 കോടി രൂപ പദ്ധതിയേതര ഇനത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 500 ലക്ഷം രൂപയിൽ ആകെ 13.80 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളൂ.

(സർക്കാർ കത്ത് നമ്പർ TAXES- D3/161/2017- TAXES തീയതി 21-12-2017)

(ഖണ്ഡിക 1 മുതൽ 12 വരെയുള്ള ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ (ഖണ്ഡിക 34)

2047-00-103-99-05—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്-ഓഫീസ് ചെലവുകൾ

ഐ.ടി. റിട്ടേൺ ഫയലിംഗ്, ഡയറക്ടറേറ്റിലേയും 14 ജില്ലാ ഓഫീസുകളിലേയും സ്റ്റാമ്പ്, കമ്പ്യൂട്ടർ, സ്റ്റേഷനറി, ഓഫീസ് മെയിന്റനൻസ് ചാർജ്ജ് എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1.36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ പ്രതീക്ഷിച്ചിരുന്ന ചെലവ് വരാത്തതിനാൽ അധിക തുക ആവശ്യമില്ല.

ശിപാർശ (ഖണ്ഡിക 35)

2047-00-103-99-08—പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

2016-17 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ചുനൽകുന്നതിനാൽ എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട മീറ്റിംഗുകളുടെ ചെലവുകൾ വഹിക്കുന്നതിനും, വർഷത്തിൽ 4 പ്രാവശ്യമെങ്കിലും പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിന്റെ അവസാന ഉപധനാഭ്യർത്ഥനയിൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ (ഖണ്ഡിക 36)

2047-00-103-99-34-3—മറ്റ് ചെലവുകൾ-മറ്റിനം

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ 1-4-2015 മുതൽ ഏജന്റുമാരുടെ ക്ഷേമനിധി വിഹിതം 100 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആയതിന്റെ 50% സർക്കാർ വിഹിതം നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ പ്രസ്തുത ശീർഷകത്തിൽ 1,45,21,051 രൂപ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് അനുവദിക്കപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക 37)

2047-00-103-99—വിവര സാങ്കേതിക വിദ്യ

ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും, ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും, വകുപ്പിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള വെബ്ആപ്ലിക്കേഷന്റെ രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിനുമുള്ള ചെലവ് വഹിക്കുന്നതിനും, ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1 ലക്ഷം രൂപ അനുവദിച്ചിരുന്നു. 20-6-2016-ലെ സ.ഉ.(സാധാ.) നമ്പർ 5418/16/ധന. പ്രകാരം 6.19 ലക്ഷം രൂപ അധിക തുകയും അനുവദിച്ചിരുന്നു. 2016-17 അവസാന ഉപധനാഭ്യർത്ഥനയിൽ 1 ലക്ഷം രൂപ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് അനുവദിക്കപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക 38)

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും, എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും, ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 155 കോടി രൂപ അനുവദിച്ചിരുന്നു. 24-1-2017-ലെ സ.ഉ.(സാധാ.) നമ്പർ 584/17/ധന. പ്രകാരം 46.64 കോടി രൂപയും അധികമായി അനുവദിക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ 28 കോടി രൂപ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് അനുവദിക്കപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക 39)

2047-00-103-86—ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി

ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കുള്ള ഭവന പദ്ധതിയിലേക്ക് 49 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, അതിലെ അർഹരായ 25 അപേക്ഷകർക്കുള്ള സബ്സിഡി നൽകുന്നതിനായി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭവന പദ്ധതി പ്രാരംഭ ഘട്ടത്തിലായതുകൊണ്ടും back end subsidy-യ്ക്കായി ലോൺ തുക പൂർണ്ണമായി അടച്ചു തീർക്കാത്തതിനാലും അധിക തുക ആവശ്യം വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഭരണം (349974)/ഭരണം സി1/152/2016 ധന. തീയതി 9-10-2017)

(34 മുതൽ 39 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക 54)

3604-00-200-88—പൊതു ആവശ്യത്തിന് പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട് - അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ

പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട ഫണ്ടുകളെന്ന നിലയിൽ ചെലവഴിക്കാൻ കഴിയാത്ത പണം സ്പിൽ ഓവർ പദ്ധതികൾ വഴി നടപ്പിലാക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 5654.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സർക്കാർ തീരുമാനം എടുത്തത് 2017-18 സാമ്പത്തിക വർഷമാണ്. ആയത് നടപടി റിപ്പോർട്ട് സഹിതം നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടില്ലാത്തതിനാൽ 2016-17 സാമ്പത്തിക വർഷം 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ പ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റിൽ വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിൽ പൊതു ആവശ്യ ഫണ്ടും ഉൾപ്പെട്ടും. മുൻവർഷം എല്ലാ പ്രാദേശിക സർക്കാരുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അതാത് പ്രാദേശിക സർക്കാരുകൾക്ക് തന്നെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വിടവുനികത്തൽ ഫണ്ട്, 2015-16 കാലയളവിലുള്ള പൊതു ആവശ്യഫണ്ടിനത്തിൽ ചെലവാകാത്ത തുക, ആന്തൂർ മുനിസിപ്പാലിറ്റിക്ക് പ്രത്യേക സഹായം എന്നിവയും അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. അതായത് പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട പൊതു ആവശ്യ ഫണ്ട് 2016-17-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എസ്.എഫ്.സി. എ 2/80/2017/ധന. തീയതി 6-11-2017; കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു)

(iii) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

(ഫയൽ നമ്പർ 3413/സബ്.സി. ഇ 2/2015/നി.സെ.)

**25-7-2018-ലെ യോഗത്തിൽ പരിഗണിച്ചവ**

ശിപാർശ ( ഖണ്ഡിക 35)

2075-00-800-81— കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിനായി 16 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 18 കോടി രൂപയുള്ള എസ്റ്റിമേറ്റും പ്ലാനും ആണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ലഭ്യമാക്കിയിരുന്നത്. ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ലാത്തതിനാൽ വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത പ്രകാരം 2015-16 സാമ്പത്തിക വർഷം പണി പൂർത്തീകരിക്കുന്നതിനായി 16 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എഫ്3/143/2018/ആഭ്യന്തരം, തീയതി 8-6-2018)

(കാലതാമസ പത്രിക 19-6-2018-ൽ സഭയിൽ സമർപ്പിച്ചു).

## <u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾമുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്.

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

### 25-7-2018-ലെ യോഗത്തിൽ പരിഗണിച്ചവ

<u>ശിപാർശ (ഖണ്ഡിക 29)</u>

സിനിമാ പ്രദർശനത്തിലൂടെയുള്ള മദ്യലഹരിവിരുദ്ധ പ്രചരണം വളരെ ഫലപ്രദമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ മദ്യ-ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന മാരകരോഗങ്ങൾ പ്രതിപാദിക്കുന്ന സിനിമ, ഡോക്യുമെന്ററി ഫിലിം തുടങ്ങിയവ നിർമ്മിക്കുകയും അവ സ്കൂളുകൾ, കോളേജുകൾ, സാമൂഹ്യസ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, സിനിമാ തിയേറ്ററുകൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുവാനും മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെടുന്നതുകൊണ്ടുളവാകുന്ന ശാരീരിക, മാനസിക, ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ വിശദമാക്കി ഡോക്ടർമാർ, മനോരോഗ വിദഗ്ദ്ധർ, മദ്യ/ലഹരി വിമുക്തി നേടിയവർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലഘുപരസ്യചിത്രങ്ങൾ നിർമ്മിക്കുകയും അവ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പീക്ക് ടൈമിൽ സംപ്രേക്ഷണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മദ്യലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന മാരക രോഗങ്ങൾ പ്രതിപാദിക്കുന്ന ഡോക്യുമെന്ററി ഫിലിമുകൾ എക്സൈസ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകൾക്ക് കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ചുനൽകുന്നുണ്ട്. മദ്യവും മയക്കുമരുന്നും മൂലമുണ്ടാകുന്ന ശാരീരിക, മാനസിക, ആരോഗ്യ, സാമ്പത്തിക പ്രശ്നങ്ങൾ വിശദമാക്കുന്ന ലഘു പരസ്യ ചിത്രങ്ങൾ നിലവിൽ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 30)

മദ്യപിക്കുന്ന രംഗങ്ങൾ സിനിമ, ടെലിവിഷൻ പരിപാടികളിൽ നിന്നും കഴിവതും ഒഴിവാക്കുന്നതിനുള്ള ഒരു സാംസ്കാരിക നയം രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനായി സാമൂഹ്യപ്രതിബദ്ധതയുള്ള സംവിധായകർ, നിർമ്മാതാക്കൾ, അഭിനേതാക്കൾ, തിരക്കഥാകൃത്തുകൾ എന്നിവരുടെ സംയുക്ത യോഗം മന്ത്രിതലത്തിൽ സംഘടിപ്പിച്ച് അഭിപ്രായരൂപീകരണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

മദ്യപിക്കുന്ന രംഗങ്ങൾ സിനിമ/ടെലിവിഷൻ രംഗങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള സാംസ്കാരിക നയം രൂപീകരിക്കുന്നതിന് സാമൂഹിക പ്രതിബദ്ധതയുള്ള സംവിധായകർ, നിർമ്മാതാക്കൾ, അഭിനേതാക്കൾ, തിരക്കഥാകൃത്തുകൾ എന്നിവരുടെ സംയുക്ത യോഗം സംഘടിപ്പിക്കുന്ന വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 31)

കേരളത്തിലെ എല്ലാ പൊതു/സ്വകാര്യ സിനിമാ തിയേറ്ററുകളിലും മദ്യ-ലഹരി ഉപയോഗത്തിന്റെ അപകടസാധ്യത വിവരിക്കുന്ന സ്ലൈഡുകൾ പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

മദ്യ-ലഹരി ഉപയോഗത്തിന്റെ അപകട സാധ്യതകൾ വിവരിക്കുന്ന സ്ലൈഡുകൾ നിലവിൽ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 32)

സ്വകാര്യ/പൊതുമേഖലാ തിയേറ്ററുകളിൽ നിന്നും മദ്യപാനം സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട പോലീസ് അധികാരികൾ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

തിയേറ്ററുകളിൽ നിന്ന് മദ്യപാനം, പുകവലി എന്നിവ സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിക്കാറുണ്ട്.

ശിപാർശ (ഖണ്ഡിക 34)

മദ്യത്തിന്റെ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള പരസ്യം നിരോധിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മദ്യത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ പരസ്യങ്ങൾ സർക്കാർ നിരോധിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 35)

ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ സിനിമാ സംഘടനകളുമായി സഹകരിച്ച് മദ്യാസക്തിക്കെതിരായ സെമിനാറുകൾ, സിമ്പോസിയങ്ങൾ, സിനിമാ സ്ക്രീനിംഗ് എന്നീ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്വീകരിച്ച നടപടി

മദ്യാസക്തിക്കും മയക്കമരുന്നിനും എതിരായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ പ്രാദേശിക കേന്ദ്രങ്ങൾ വഴി സംസ്ഥാന വ്യാപകമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ലാസ്സിക് സിനിമകളുടെ പ്രദർശനത്തിന്റെ മുന്നോടിയായാണ് ബോധവത്ക്കരണം നടത്തുക. മദ്യാസക്തിക്കും മയക്കമരുന്ന് ഉപയോഗത്തിനുമെതിരായ ബോധവത്ക്കരണ വീഡിയോകൾ ഈ പ്രാദേശിക കേന്ദ്രങ്ങൾ മുഖേന നടത്തുന്ന ടൂറിംഗ് ടാക്കീസിന്റെ പരിപാടികളിൽ പ്രദർശിപ്പിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 36)

മദ്യപാനത്തെ സാമൂഹിക തിന്മയായി ചിത്രീകരിച്ചുകൊണ്ടുള്ള കർമ്മപരിപാടികൾ മതനേതാക്കളെയും സാംസ്കാരിക നായകന്മാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ആവിഷ്കരിക്കുന്നതിനായി കേരള സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ സന്ദേശം പ്രചരിപ്പ... സാഹിത്യരചനകളുടെ പ്രസിദ്ധീകരണം വഴിയും പ്രചാരണം വഴിയുമുള്ള പ്രോത്സാഹ... എഴുത്തുകാരെ വെച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ എന്നിവ കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്നുണ്ട്. കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കലോത്സവം തൃശ്ശൂരിൽ നടന്നപ്പോൾ മദ്യത്തിനും മയക്കമരുന്നിനുമെതിരെ ഒരു പ്രദർശന സ്റ്റാൾ തന്നെ കേരള സാഹിത്യ അക്കാദമി ഒരുക്കിയിരുന്നു.

<u>ശിപാർശ (ഖണ്ഡിക 38)</u>

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ദൂഷ്യവശങ്ങൾ പുതിയ തലമുറയെ ബോധ്യപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള പ്രചരണ പരിപാടികൾ സാംസ്കാരിക വകുപ്പും എക്സൈസ് വകുപ്പും ചേർന്ന് ആവിഷ്കരിക്കണമെന്നും അവ കേരളത്തിലെ എല്ലാ വായനശാലകളെയും ബന്ധിപ്പിച്ചുകൊണ്ട് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ അനവധി മദ്യ/ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ദൂഷ്യ വശങ്ങളെക്കുറിച്ച് പുതു തലമുറയെ ബോധവത്ക്കരിക്കാൻ കഴിയുന്ന പരിപാടികൾ 6000 ലൈബ്രറികളിലൂടെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പാക്കുന്നതാണ്. വിദ്യാർത്ഥികളും യുവജനങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് അംഗങ്ങൾ സന്ദർശിക്കുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഒരു സാംസ്കാരിക സ്ഥാപനം എന്ന നിലയിൽ മദ്യത്തിനും മയക്കമരുന്നിനും എതിരായി പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതും അതുവഴി ഒരു പരിധിവരെ സമൂഹത്തിനൊന്നാകെ ഇത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതുമാണ്.

(സർക്കാർ കത്ത് നമ്പർ 76/എ 3/2016/സാം.കാ.വ. തീയതി 4-4-2018).

29, 30, 31, 32, 34, 35, 36, 38 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാംസ്കാരിക കാര്യവകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 25-7-2018-ലെ സമിതിയോഗം അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2019 ജൂൺ 25.

<u>അനുബന്ധം</u>

## (1) 25-4-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ഏപ്രിൽ 25-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.
3. ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജൻ എൻ. ഖൊബ്രാഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
2. ശ്രീ. ഡി. ബാലമുരളി, ജോയിന്റ് കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
3. ശ്രീമതി എ. ബിജി കുമാരി അമ്മ, ജോയിന്റ് കമ്മീഷണർ, എസ്. ജി. എസ്. ടി.
4. ശ്രീ. ബി. ത്യാഗരാജബാബു, ജോയിന്റ് കമ്മീഷണർ, എസ്. ജി. എസ്. ടി.
5. ശ്രീ. എം. ഐ. മൻസൂർ, അസിസ്റ്റന്റ് കമ്മീഷണർ, എസ്. ജി. എസ്. ടി.
6. ശ്രീ. കെ. ജയകുമാർ, അസിസ്റ്റന്റ് കമ്മീഷണർ, എസ്. ജി. എസ്. ടി.
7. ശ്രീ. എ. ബി. ചന്ദ്രശേഖർ, അസിസ്റ്റന്റ് കമ്മീഷണർ, എസ്. ജി. എസ്. ടി.
8. ശ്രീ. വി. സുനിൽ കുമാർ, എസ്. ടി. ഒ., ജി. എസ്. ടി. സെൽ.
9. ശ്രീമതി കെ. ജയകുമാരി, എസ്. ടി. ഒ., ജി. എസ്. ടി. സെൽ.
10. ശ്രീ. വി. ജെ. ഗോപകുമാർ, എസ്. ടി. ഒ., ജി. എസ്. ടി. സെൽ.

. കേരള ചരക്കുസേവന നികുതി നിയമം (Kerala State Goods and Services Tax Act) സംബന്ധിച്ച സമിതി അംഗങ്ങളുടെ സംശയ ദുരീകരണത്തിനായി, മുൻ സമിതി യോഗങ്ങളിൽ ബഹു. അംഗങ്ങൾ ആവശ്യപ്പെട്ട പ്രകാരം, ചേർന്ന യോഗത്തിൽ ചരക്ക സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുകയും അംഗങ്ങളുടെ ചോദ്യങ്ങൾക്ക് വിശദമായ മറുപടി നൽകുകയും ചെയ്തു.

ജി. എസ്. ടി. നടപ്പിലാക്കിയതിന് മുൻപും പിൻപും ചെയ്ത കാര്യങ്ങൾ, ഇപ്പോൾ ചെയ്തു വരുന്ന കാര്യങ്ങൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദീകരിക്കുന്ന ഒരു പവർ പോയിന്റ് പ്രസന്റേഷൻ അംഗങ്ങൾക്കായി യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി.

യോഗം ഉച്ചയ്ക്ക് ശേഷം 1.30-ന് പിരിഞ്ഞു.

## (2) 23-5-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 മേയ് 23-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 സി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ഡോ. എൻ. ജയരാജ്, എം. എൽ. എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യൂക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, നികുതി വകുപ്പ്
2. ഡോ. രാജൻ ഖൊബ്രഗഡേ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
3. ശ്രീ. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീ. ബി. പ്രതാപ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീമതി വി. ആർ. മിനി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി സർക്കാരിൽനിന്നും ലഭിച്ച കരട് ചട്ടം, എസ്. ആർ. ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. കരട് ചട്ടത്തിന്റെ പരിശോധന

2013-ലെ കേരള ധനകാര്യ ആക്ടിലെ ആഡംബര നികുതി സംബന്ധിച്ച വകുപ്പ് 8-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള കേരള ആഡംബര നികുതി (ഭേദഗതി) ചട്ടങ്ങൾ, 2017 സമിതി പരിഗണിക്കുകയും ആഡംബര നികുതി ജി. എസ്. ടി.-യിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 4428/സബ്.സി.ഇ 2/2013/നി.സെ.)

## II. എസ്. ആർ. ഒ.-കളുടെ സാധൂകരണം

2017-ലെ കേരള ചരക്ക് സേവന നികുതി ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ച എസ്. ആർ. ഒ. നമ്പർ 354/2017, 355/2017, 356/2017, 357/2017, 358/2017, 359/2017, 360/2017, 361/2017, 362/2017, 363/2017, 364/2017, 365/2017, 366/2017, 367/2017, 368/2017, 369/2017, 370/2017, 371/2017, 372/2017, 373/2017, 374/2017, 375/2017, 376/2017, 377/2017, 378/2017 എന്നീ വിജ്ഞാപനങ്ങൾക്ക് ഭേദഗതികളില്ലാതെ സമിതി സാധൂകരണം നൽകി.

(ഫയൽ നമ്പർ 4281/സബ്.സി.ഇ. 2/2017/നി.സെ.)

## III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 12 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പ് 21-12-2017-ലെ TAXES-D3/161/2017-TAXES നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 34 മുതൽ 39 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ഭരണം-സി) വകുപ്പ് 9-10-2017-ലെ ഭരണം (349974)/ഭരണം

സി1/152/2016/ധന. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും ഖണ്ഡിക 54-ലെ ശിപാർശയിന്മേൽ ധനകാര്യ (എസ്. എഫ്. സി. സെൽ-എ) വകുപ്പ് 6-11-2017-ലെ എസ്. എഫ്. സി. എ 2/80/2017/ധന. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4943/സബ്.സി.ഇ 2/2016/നി.സെ.)

യോഗം രാവിലെ 11.55-ന് പിരിഞ്ഞു.

## (3) 18-6-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ജൂൺ 18-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.
5. ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യൂക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

3. ശ്രീ. വി. രാജപ്പൻ, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. കെ. സുദർശനൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
5. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി റ്റി. നിതാ കുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. കെ. എ. ജോസഫ്, അഡീഷണൽ എക്സൈസ് കമ്മീഷണർ
8. ശ്രീ. എസ്. ഷാനവാസ്, ഡയറക്ടർ, ഭാഗ്യക്കുറി വകുപ്പ്
9. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
10. ശ്രീമതി എം. മിനി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
11. ശ്രീമതി ടി. മിനിമോൾ, ജോയിന്റ് സെക്രട്ടറി, കായികവും യുവജനകാര്യവും വകുപ്പ്.

സമിതി 2018-ലെ അബ്കാരി (ഭേദഗതി) ബിൽ, നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു

## I. ബില്ലിന്റെ പരിഗണന

2018-ലെ അബ്കാരി (ഭേദഗതി) ബിൽ :

(ഫയൽ നമ്പർ 3292/സബ്.സി.ഇ 2/2018/നി.സെ.)

സമിതി 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

2018-ലെ അബ്കാരി (ഭേദഗതി) ബില്ലിന്മേൽ ഡോ. എൻ. ജയരാജ്, ശ്രീ. വി. ഡി. സതീശൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

## II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 12 മുതൽ 17 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പിൽനിന്നും 11-5-2018-ലെ നികുതി എഫ്3/138/2017/നി.വ. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 21 മുതൽ 30 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പിൽനിന്നും 9-2-2018-ലെ എച്ച്1/190/2017/നി.വ.

നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 31-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ (ബി) വകുപ്പിൽനിന്നും 5-5-2018-ലെ 781/ബി1/17/കാ.യു.വ. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 38 മുതൽ 42 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിൽനിന്നും 21-3-2018-ലെ ബി1/260/2017/പ്ലാനിംഗ് നമ്പർ കത്തുമുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 43, 44 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എച്ച്. ബി. എ.) വകുപ്പിൽനിന്നും 25-1-2018-ലെ 715972/എച്ച്. ബി. എ 2/15/2018/ധന. നമ്പർ കത്തുമുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 45-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ (ലോൺസ്) വകുപ്പിൽനിന്നും 30-1-2018-ലെ ലോൺസ് എൽ2/47/2018/ധന. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 36-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആഭ്യന്തര (എഫ്) വകുപ്പിൽ നിന്നും 5-6-2018-ലെ എഫ്3/163/2018/ ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2532/സബ്.സി.ഇ 2/2018/നി.സെ.)

## III. കരട് റിപ്പോർട്ടുകളുടെ പരിഗണന

(എ) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2532/സബ്.സി.ഇ 2/2018/നി.സെ.)

(ബി) 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2882/സബ്.സി.ഇ 2/2018/നി.സെ.)

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

## (4) 25-7-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII, 2018 ജൂലൈ മാസം 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 സി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ആഷ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, എക്സൈസ് വകുപ്പ്
2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീ. വി. രാജപ്പൻ, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. മഹേഷ് പഞ്ചു, സെക്രട്ടറി, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി
5. ശ്രീ. കെ. എ. ജോസഫ്, അഡീഷണൽ എക്സൈസ് കമ്മീഷണർ
6. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീമതി എം. മിനി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

സമിതി നികുതി വകുപ്പിൽ നിന്ന് ലഭിച്ച വിവിധ എസ്. ആർ. ഒ.- കളും, സാംസ്കാരികകാര്യ വകുപ്പ്, ധനകാര്യവകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവിടങ്ങളിൽനിന്ന് ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും പരിശോധിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.:

**I . എസ്. ആർ. ഒ. കളുടെ സാധൂകരണം**

(i) കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ്/ഫോറിൻ ലിക്വർ റൂൾസ്.

1953-ലെ **കേരള ഫോറിൻ ലിക്വർ റൂൾസ്**, 2002-ലെ **കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ്** എന്നിവയിൽ നിയമ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്. ആർ. ഒ. നമ്പർ 230/2017, 231/2017, 90/2017, 549/2017, 550/2017, 89/2017, 551/2017.

പ്രസ്തുത എസ്. ആർ. ഒ.-കൾ പരിഗണിച്ച സമിതി നിലവിൽ ഷോപ്പുകൾ സ്ഥാപിക്കുവാനുള്ള പ്രദേശത്തെ അതിർത്തികൾ എസ്. ആർ. ഒ.-കളിൽ കൃത്യമായി പരാമർശിച്ചിട്ടില്ലെന്നും, ഏരിയ നിശ്ചയിക്കാത്ത പക്ഷം അതിർത്തികളുള്ളിൽ എവിടെയും ഷോപ്പുകൾ സ്ഥാപിക്കാമെന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും ചൂണ്ടിക്കാട്ടി. എസ്. ആർ. ഒ. 322/2008-ൽ പരാമർശിക്കുന്ന വാമനപുരം റേഞ്ച് വലിയ ഒരു ഭൂപ്രദേശമായതിനാൽ അതിർത്തികൾ കൃത്യമായി പരാമർശിക്കാതെ എവിടെയും ഷോപ്പുകൾ സ്ഥാപിക്കാമെന്നുള്ളത് ശരിയാണോ എന്ന് സമിതി ആരാഞ്ഞപ്പോൾ ദേശീയ പാതയിൽ നിന്ന് 500m അകലെ മാത്രമേ അബ്കാരി ഷോപ്പുകൾ പാടുള്ളൂ എന്ന ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിലെ ഷോപ്പുകൾ നിലനിർത്തുന്നതിനായാണ് അത്തരം ഒരു സജ്ജീകരണം ചെയ്തതെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിച്ചു.

ഫോറിൻ ലിക്വർ ഷോപ്പുകൾക്ക് പെർമിറ്റ് അനിവാര്യമാണെന്നും, ഷോപ്പുകൾ സ്ഥാപിക്കുന്നതിന് പ്രദേശത്തെ അതിർത്തികൾ കൃത്യമായി പരാമർശിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ, 2008-ൽ പുറപ്പെടുവിച്ച ചട്ടം പ്രകാരം കള്ള് ഷാപ്പുകൾക്ക് മാത്രമാണ് എല്യക പരാമർശിച്ചിട്ടുള്ളതെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ വ്യക്തമാക്കി.

ഷാപ്പുകൾ സ്ഥാപിക്കുവാനുള്ള പ്രദേശത്തെ അതിർത്തികൾ കൃത്യമായി പരാമർശിക്കാത്ത പക്ഷം ഉടമസ്ഥ് റേഞ്ച് പരിധിക്കുള്ളിൽ എവിടെയും ഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുമെന്ന് സമിതി നിരീക്ഷിച്ചതിൽ, കേരളത്തിൽ കെ. എസ്. ബി. സി.-യും കൺസ്യൂമർഫെഡും മാത്രമാണ് ഫോറിൻ ലിക്വർ ഷോപ്പുകൾ നടത്തുന്നതെന്നും, മറ്റ് ഏജൻസികൾക്ക് ഷോപ്പുകൾ നടത്തുന്നതിന് അനുമതിയില്ലെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ വ്യക്തമാക്കി.

സമിതിയുടെ പരിഗണനയ്ക്കായി എടുത്ത എസ്. ആർ. ഒ.-കൾ പ്രകാരം കെ. എസ്. ബി. സി. ശാഖകൾ എവിടെയും സ്ഥാപിക്കാവുന്നതാണെന്നത് നിയമ വിരുദ്ധമല്ലേയെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ നിയമവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയ അഡീഷണൽ എക്സൈസ് കമ്മീഷണർ, സമിതി ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിന് കുറച്ചുകൂടി വിശാലമായ സ്ഥലം ലഭിക്കണമെന്നും അറിയിച്ചു.

എസ്. ആർ. ഒ. 322/08 പ്രകാരം കൊല്ലം കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ എവിടെയും ഷാപ്പ് സ്ഥാപിക്കാമെന്നാണ് പരാമർശിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി അത്തരം സാഹചര്യം ബിവറേജസ് കോർപ്പറേഷന്റെ നിരവധി ഔട്ട്ലെറ്റുകൾ ഒരു വാർഡിൽ സ്ഥാപിതമാകാൻ ഇടവരുത്തുമെന്നും, ഒരു നിയമം നിലനിൽക്കുമ്പോൾ പ്രസ്തുത നിയമത്തിന് വിധേയമായി മാത്രം എസ്. ആർ. ഒ.-കൾ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചു.

അബ്കാരി ആക്റ്റ് പ്രകാരം ഒരു ബിവറേജസ് ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് എല്പക നിശ്ചയിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി, റേഞ്ച് അതിർത്തികളിൽ എവിടെയും ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതും നടത്തുന്നതും നിയമലംഘനമാണെന്നും ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി.

'വില്ലേജ് ' എന്നത് ഒരു എല്പകയായിട്ടാണ് പരാമർശിക്കുന്നതെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ ബോധിപ്പിച്ചപ്പോൾ നിയമാനുസൃതമായി എല്പക നിശ്ചയിക്കാതെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയാൽ നിയമം ദുരുപയോഗം ചെയ്യപ്പെടുമെന്നും ആയതിനാൽ എല്പക ശരിയായി നിശ്ചയിക്കണമെന്നും സമിതി നിർദ്ദേശിച്ചു മേൽ എസ്. ആർ. ഒ.-കൾ സമിതി സാധൂകരിച്ചു.

(ഫയൽ നമ്പർ 4139/സബ്. സി. ഇ 2/2017/നി.സെ.)

(ഫയൽ നമ്പർ 3053/സബ്. സി. ഇ 2/2017/നി.സെ.)

(ഫയൽ നമ്പർ 5236/സബ്. സി. ഇ 2/2017/നി.സെ.)

(ഫയൽ നമ്പർ 5535/സബ്. സി. ഇ 2/2017/നി.സെ.)

(ഫയൽ നമ്പർ 1736/സബ്. സി. ഇ 2/2017/നി.സെ.)

(ഫയൽ നമ്പർ 6042/സബ്. സി. ഇ 2/2017/നി.സെ.)

(ii) കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഒരു സേവിംഗ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഇറക്കിയ 491/2017 നമ്പർ എസ്.ആർ.ഒ.

പ്രസ്തുത എസ്.ആർ.ഒ. ഭേദഗതികളില്ലാതെ സമിതി സാധൂകരണം നൽകി.

(ഫയൽ നമ്പർ 4110/സബ്.സി.ഇ 2/2017/നി.സെ.)

(iii) 2017-ലെ കേരള ചരക്കുസേവന നികുതി ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ച 470/2017-ാം നമ്പർ എസ്.ആർ.ഒ.

പ്രസ്തുത എസ്.ആർ.ഒ. ഭേദഗതികളില്ലാതെ സമിതി സാധൂകരണം നൽകി.

(ഫയൽ നമ്പർ 4228/സബ്.സി.ഇ 2/2017/നി.സെ.)

(iv) 1963-ലെ കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, 2003-ലെ കേരള വാല്യൂ ആഡഡ് ടാക്സ്, 2017-ലെ കേരള ചരക്കുസേവന നികുതി ഓർഡിനൻസ് എന്നിവ പ്രകാരം പുറപ്പെടുവിച്ച 535/2017, 536/2017, 537/2017, 543/2017, 544/2017, 545/2017, 566/2017, 581/2017, 616/2017 എന്നീ എസ്.ആർ.ഒ.-കൾ

പ്രസ്തുത എസ്.ആർ.ഒ.-കൾ പരിഗണിച്ച സമിതി അവയ്ക്ക് ഭേദഗതികളില്ലാതെ സാധൂകരണം നൽകി.

(ഫയൽ നമ്പർ 5021/സബ്.സി.ഇ 2/2017/നി.സെ.)

## II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന

(i) <u>മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരെ വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവത്ക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിന്മേൽ സാംസ്കാരികകാര്യ വകുപ്പ് സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്ത സമിതി മദ്യപാനത്തിനും പുകവലിക്കുമെതിരെ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള സന്ദേശങ്ങൾ കാഴ്ചക്കാരുടെ ശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ വ്യക്തമായി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. മദ്യാസക്തിക്കും മയക്കുമരുന്ന് ഉപയോഗത്തിനുമെതിരെയുള്ള ബോധവത്ക്കരണം രക്ഷകർത്താക്കളിൽ കൂടി നടപ്പിലാക്കണമെന്നഭിപ്രായപ്പെട്ട സമിതി, പരമ്പരാഗത ലഹരിവസ്തുക്കൾക്ക് പുറമേ ഇന്ന് കമ്പോളത്തിൽ ലഭിക്കുന്ന ലഹരി പദാർത്ഥങ്ങളെ കുറിച്ച് രക്ഷകർത്താക്കൾക്ക് ഒരറിവുമില്ലെന്നും നിരീക്ഷിച്ചു സ്കൂളുകളിലെ അദ്ധ്യാപക രക്ഷകർത്തൃയോഗങ്ങളിൽ അമ്മമാരെക്കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിച്ച സമിതി, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവത്ക്കരണത്തിനായി എക്സൈസ് വകുപ്പ് മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ച കലണ്ടർ എല്ലാ സ്ഥാപനങ്ങളിലും സ്കൂളുകളിലും വീണ്ടും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

മദ്യത്തിനെതിരെയുള്ള ബോധവത്കരണ പരിപാടികൾ പലപ്പോഴും ഒരു ചടങ്ങ് മാത്രമായി മാറുകയാണെന്നും ബോധവത്കരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ജനപ്രതിനിധികളുടെ യോഗങ്ങളിൽപ്പോലും ആരുംതന്നെ പങ്കെടുക്കാറില്ലെന്നും മദ്യാസക്തി കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യവിപത്താണെന്നും സമിതി അഭിപ്രായപ്പെട്ടു

മദ്യാസക്തിക്കും, മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം പി.റ്റി.എ. മീറ്റിംഗുകൾ സംഘടിപ്പിക്കുകയുണ്ടായെന്നും, അത്തരത്തിലുള്ള ബോധവത്കരണ പരിപാടികൾ വ്യാപകമാക്കുന്നതിനും, എല്ലാ സ്ഥാപനങ്ങളിലും കലണ്ടർ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ സമിതി മുമ്പാകെ വ്യക്തമാക്കി. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ഈ വർഷം തന്നെ തുടങ്ങുന്നതിന് പദ്ധതിയുണ്ടെന്നും, ആയതിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതി മാത്രമേ ശേഷിക്കുന്നുള്ളൂവെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ അറിയിച്ചു

ചില മരുന്നുകളുടെ മിശ്രിതംപോലും ലഹരിയായി ഉപയോഗിക്കുന്നുണ്ടെന്നും, അത്തരത്തിലുള്ള മരുന്നുകൾ വൻതോതിൽ വിറ്റഴിക്കപ്പെടുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, അത് സംബന്ധിച്ച് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നുണ്ടെന്നും, ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ അത്തരം മരുന്നുകൾ വിറ്റഴിച്ചാൽ കടയുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സമിതി മുമ്പാകെ അഡീഷണൽ എക്സൈസ് കമ്മീഷണർ അറിയിച്ചു.

സ്കൂളുകളുടെ പരിസരത്ത് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ലെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ ചൂണ്ടിക്കാട്ടിയപ്പോൾ, പ്രസ്തുത വിഷയത്തിൽ എക്സൈസ് വകുപ്പ് താഴെത്തട്ടിലേക്ക് ഇറങ്ങി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിദ്യാർത്ഥികൾക്ക് മയക്കമരുന്ന് മാഫിയയെക്കുറിച്ച് വിവരങ്ങൾ നൽകാൻ സാധിക്കുമെന്നും, അക്കാര്യത്തിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. എസ്.ബി.ഐ. പോലുള്ള ബാങ്കുകളുടെ സഹകരണത്തോടെ വിവിധ സ്ഥലങ്ങളിൽ ആയിരത്തോളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ അറിയിച്ചു.

(ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) മുപ്പത്തിയഞ്ചാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3413/സബ്.സി.ഇ 2/2015/നി.സെ.)

(iii) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നികുതി വകുപ്പിൽ നിന്ന് ലഭിച്ച ഖണ്ഡിക 19 മുതൽ 25 വരെയുള്ളവയിന്മേലുള്ള റിപ്പോർട്ട്; 34 മുതൽ 36 വരെയുള്ള ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്; 16, 37, 38, 39, 40 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1744/സബ്.സി.ഇ 2/2018/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു.

## (5) 25-9-2018-ലെ സമിതി യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 സെപ്റ്റംബർ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി,
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആഷ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, എക്സൈസ് വകുപ്പ്
2. ശ്രീ. രാജൻ. എൻ. ഖൊബ്രഗഡേ, പ്രിൻസിപ്പൽ സെക്രട്ടറി, ചരക്ക് സേവന നികുതി വകുപ്പ്
3. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി,പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്
4. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, നികുതി വകുപ്പ്
5. ശ്രീ. എം. എസ്. മുഹമ്മദ് സിയാദ്, അഡീഷണൽ എക്സൈസ് കമ്മീഷണർ, (അഡ്മിനിസ്ട്രേഷൻ) എക്സൈസ് വകുപ്പ്
6. ശ്രീ. കെ. സുരേഷ്ബാബു,, ഡെപ്യൂട്ടി കമ്മീഷണർ, (അബ്കാരി) എക്സൈസ് വകുപ്പ്
7. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി സർക്കാരിൽ നിന്നും ലഭിച്ച എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## I. എസ്. ആർ. ഒ.കളുടെ സാധൂകരണം

(1) നികുതി (ബി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ 2017-ലെ സംസ്ഥാന ചരക്ക സേവന നികുതി നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 638/17, 639/17, 671/17, 702/17, 703/17, 704/17, 705/17, 706/17, 707/17, 708/17, 715/17, 716/17, 717/17, 718/17, 720/17, 721/17, 722/17, 723/17, 724/17, 725/17, 726/17, 727/17, 728/17, 729/17, 730/17, 731/17; 732/17, 733/17, 734/17, 735/17, 736/17, 737/17, 738/17, 739/17, 740/17, 741/17, 742/17, 743/17, 744/17, 745/17, 746/17, 747/17, 764/17, 782/17, 783/17, 784/17, 785/17. എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 647/സബ്.സി.ഇ 2/2018/നി.സെ. )

കാലതാമസം കൂടാതെ എസ്.ആർ.ഒ.-കൾ സാധൂകരണത്തിനായി സമിതി മുമ്പാകെ ഹാജരാക്കണമെന്ന് നിർദ്ദേശിച്ച സമിതി, 2017-ൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ ഒന്നര വർഷത്തിനുശേഷമാണ് സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടി. ജി.എസ്.ടി. നിയമം നടപ്പിലാക്കിയ ശേഷം ചട്ടങ്ങളിൽ ഭേദഗതികളുണ്ടായാൽ ആയത് നോട്ടിഫൈ ചെയ്യുന്നതിന് നിരവധി നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്നും, അതിനാലാണ് കാലതാമസം ഉണ്ടാകുന്നതെന്നും, പ്രിൻസിപ്പൽ സെക്രട്ടറി, ചരക്ക് സേവന നികുതി വകുപ്പ് ബോധിപ്പിച്ചു. ഭാവിയിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കും എന്നറിയിച്ച പ്രിൻസിപ്പൽ സെക്രട്ടറി, അന്നേ ദിവസം സമിതി പരിഗണിക്കുന്ന എസ്.ആർ.ഒ.-കൾ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു. നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിച്ചാൽ ഉടൻ തന്നെ എസ്.ആർ.ഒ.-കൾ സാധൂകരണത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിൽ ആയത് പാലിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് നൽകുകയും ചെയ്തു.

(2) നികുതി (ജി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ് പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 240/17 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1111/സബ്.സി.ഇ 2/2018/നി.സെ.)

(3) നികുതി (ജി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ് പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 595/2017 സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1215/സബ്.സി.ഇ 2/2018/നി.സെ.)

(4) നികുതി (ജി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ 2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം, 2017-ലെ കേരള ചരക്കുസേവന നികുതി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 49/2018, 79/2018, 88/2018 എന്നിവ സമിതി പരിഗണിക്കുകയുണ്ടായി.

(ഫയൽ നമ്പർ 1838/സബ്.സി.ഇ 2/2018/നി.സെ.)

കേരളത്തിൽ പ്രളയം ബാധിച്ച സാഹചര്യത്തിൽ വാറ്റ് നിയമമനുസരിച്ച് നികുതി കുടിശ്ശിക പിരിക്കുന്നതിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്, നികുതി പിരിവുമായി ബന്ധപ്പെട്ട കർശന നടപടികൾ ഒഴിവാക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 7 അനുസരിച്ച് സംസ്ഥാനത്തിന് 14 % കോമ്പൻസേഷൻ ലഭിക്കുന്നുണ്ടെന്നും, എന്നാൽ നികുതി പിരിവിൽ ഗണ്യമായ കുറവാണ് സംഭവിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. മുൻ വർഷത്തെ അപേക്ഷിച്ച് നികുതി പിരിവിൽ 4.7% കുറവ് വന്നിട്ടുണ്ടെന്നും വ്യാപാരികൾ അനർഹമായ രീതിയിൽ ഇൻപുട്ട് ഔട്ട്പുട്ട് ക്രെഡിറ്റ് വാങ്ങുന്നുണ്ടെന്നും, എന്നാൽ ആയത് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ലെന്നും, ഡിസംബർ മാസം കഴിഞ്ഞാൽ മാത്രമേ എൻഫോഴ്സ്മെന്റ് നടപടികൾ കഴിയുകയുള്ളൂ എന്നും, ഇതുമായി ബന്ധപ്പെട്ട് യാതൊരു സ്റ്റാറ്റ്യൂട്ടറി നടപടിയും ഇപ്പോൾ സ്വീകരിക്കാൻ കഴിയില്ലെന്നും സമിതി വ്യക്തമാക്കി.

ജി.എസ്.ടി.-യിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളെക്കാൾ കുറഞ്ഞ വിലയിൽ, രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾ സാധനങ്ങൾ വിൽക്കുന്നത് രജിസ്ട്രേഷനുള്ള വ്യാപാരികളുടെ കച്ചവടത്തെ ബാധിക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചപ്പോൾ, പ്രിസംപ്റ്റീവ് ടാക്സ് 2% കൊടുത്താൽ മതിയെന്നുള്ളതാണ് അതിനുള്ള പ്രധാന കാരണമെന്നും ടേൺ ഓവർ പരിധി അറുപത് ലക്ഷത്തിന് താഴെയായിരുന്നത്, ഒന്നരക്കോടിയാക്കിയപ്പോൾ ഇടത്തരം കച്ചവടക്കാരിൽ നിന്ന് നികുതി പിരിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും, ആയതിനാൽ എൺപത് ശതമാനത്തിലധികം കച്ചവടക്കാരും നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയാണെന്നും സമിതി വ്യക്തമാക്കി.

ജി.എസ്.ടി. നിയമം അനുസരിക്കുന്ന വ്യാപാരികൾക്ക് കച്ചവടം കുറയുന്നതിനോടൊപ്പം നികുതി കൊടുക്കേണ്ടി വരുന്ന അവസ്ഥയാണുള്ളതെന്ന സമിതിയുടെ ചോദ്യത്തിന്, മുൻപ് ജി.എസ്.ടി. രജിസ്ട്രേഷൻ 2.4 ലക്ഷമായിരുന്നത് നിലവിൽ 3,10,000 ആയിട്ടുണ്ടെന്നും അതിൽ സ്ഥിരമായി റിട്ടേൺ ഫയൽ ചെയ്യുന്നവർ ഏകദേശം 1.8 ലക്ഷമാണെന്നും വാറ്റിൽ 56,000 ഡീലേഴ്സിന് 60 ലക്ഷത്തിൽ കൂടുതൽ ടേൺ ഓവർ ഉണ്ടായിരുന്നപ്പോൾ 60 ലക്ഷത്തിന് താഴെ ടേൺ ഓവർ വരുന്ന 32,000 സ്ഥാപനങ്ങൾ പ്രിസംപ്റ്റീവ് ടാക്സിൽ ഉൾപ്പെട്ടിരുന്നെന്നും, ടേൺ ഓവർ പരിധി 60 ലക്ഷത്തിൽനിന്ന് ഒന്നരക്കോടിയാക്കിയപ്പോൾ കോമ്പോസിഷൻ ലിമിറ്റിൽ കൂടുതൽ വ്യാപാരികൾ ഉൾപ്പെട്ടുവെന്നും നിലവിൽ 3.10 ലക്ഷം വ്യാപാരികളിൽ ഏകദേശം 32,000 പേർക്ക് മാത്രമാണ് 1.5 കോടി രൂപയിൽ കൂടുതൽ ടേൺ ഓവർ

ഉള്ളതെന്നും അതിൽ പകുതി എസ്.ജി.എസ്.ടി.-യിലും പകുതി സി.ജി.എസ്.ടി. യിലുമാണ് ഉൾപ്പെടുന്നതെന്നും, നിലവിലെ നികുതി വരുമാനം 32,000 വ്യാപാരികളിൽ നിന്ന് മാത്രമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

പ്രസ്തുത എസ്.ആർ.ഒ.-കൾക്ക് സമിതി സാധൂകരണം നൽകി.

(5) നികുതി (ബി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ 2017 ലെ കേരള ചരക്കുസേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 19/2018, 140/2018, 141/2018, 142/2018.

(ഫയൽ നമ്പർ 2365/സബ്.സി.ഇ 2/2018/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.-കൾക്ക് സമിതി സാധൂകരണം നൽകി.

(6) 2017-ലെ കേരള ചരക്ക് സേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ച നികുതി (ബി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ എസ്.ആർ.ഒ. നമ്പർ 189/2018, 190/2018, 250/2018.

(ഫയൽ നമ്പർ 2945/സബ്.സി.ഇ 2/2018/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി സാധൂകരിച്ചു.

(7) നികുതി (ജി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ ഫോറിൻ ലിക്വർ റൂൾസ് പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 254/2018.

(ഫയൽ നമ്പർ 3701/സബ്.സി.ഇ 2/2018/നി.സെ. )

പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

(8) നികുതി (ജി) വകുപ്പിൽ നിന്ന് ലഭിച്ച സ്പിരിച്ച്വസ് പ്രിപ്പറേഷൻസ് (കൺട്രോൾ) റൂൾസ് 1969, പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 287/2018

(ഫയൽ നമ്പർ 3702/സബ്.സി.ഇ 2/2018/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.-യ്ക്ക് സമിതി സാധൂകരണം നൽകി.

(9) 2017-ലെ കേരള ചരക്ക് സേവന നികുതി നിയമം, 1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 342/2018, 345/2018 എന്നിവ സമിതി പരിഗണിക്കുകയുണ്ടായി.

(ഫയൽ നമ്പർ 4194/സബ്.സി.ഇ 2/2018/നി.സെ.)

ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധനവിനെ തുടർന്ന് 2010 മുതൽ ഓരോ വർഷവും ലഭിച്ച അധിക നികുതിയുടെ കണക്ക് ലഭ്യമാക്കണമെന്ന് സമിതി

ആവശ്യപ്പെട്ടപ്പോൾ എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണെന്നും, എന്നിരുന്നാലും ആയത് ഔദ്യോഗികമായി നൽകുന്നതാണെന്നും ചരക്കുസേവന നികുതി പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി സാധൂകരിച്ചു.

(10) 1982-ലെ ചിറ്റ് ഫണ്ട് ആക്ട് പ്രകാരം പുറപ്പെടുവിച്ച് നികുതി (എച്ച്) വകുപ്പ് ലഭ്യമാക്കിയ എസ്.ആർ.ഒ. നമ്പർ 156/2018, 157/2018.

(ഫയൽ നമ്പർ 1980/സബ്.സി.ഇ 2/2018/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.-കൾക്ക് സമിതി സാധൂകരണം നൽകി.

(11) ഫോറിൻ ലിക്വർ റൂൾസിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച് നികുതി (ജി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ എസ്.ആർ.ഒ. നമ്പർ. 351/2018 സമിതി പരിഗണിക്കുകയുണ്ടായി.

(ഫയൽ നമ്പർ 3855/സബ്.സി.ഇ 2/2018/നി.സെ. )

പ്രസ്തുത എസ്.ആർ.ഒ. പരിഗണിക്കവേ നിലവിൽ എത്ര ദിവസമാണ് ബാറുകളും ഷാപ്പുകളും വർഷത്തിൽ ഡ്രൈ ഡേ ആചരിക്കുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ, ബാറുകൾ വർഷത്തിൽ 17 ദിവസവും ഷാപ്പുകൾ 5 ദിവസവുമാണ് ഡ്രൈ ഡേ ആചരിക്കുന്നതെന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ) മറുപടി നൽകി. സംസ്ഥാനത്തെ ബിവറേജസ് ഔട്ട്ലെറ്റുകളിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് പ്രധാന റോഡുകളുടെ സമീപത്തായതിനാൽ മദ്യം വാങ്ങാനെത്തുന്നവരുടെ ക്യൂ ഗതാഗത തടസ്സമുണ്ടാക്കുന്നുണ്ടെന്നും, അതിനാൽ പ്രീമിയം ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ബാറുകളുടെ പുറത്തെ ഗേറ്റിൽ കൂടി മറ്റൊരു കൗണ്ടർ കൂടി തുറന്നാൽ സാധാരണക്കാർക്ക് മദ്യം വാങ്ങുന്നതിന് കൂടുതൽ സൗകര്യപ്രദമാകും എന്ന് നിരീക്ഷിച്ച സമിതി, പൊതുവെ ഹോട്ടലുകളുടെ പേരിലാണ് ബാർ ലൈസൻസ് എടുക്കുന്നതെന്നും അതിലെ കൗണ്ടറുകൾക്ക് പ്രത്യേക നികുതി ലഭിക്കുന്നുണ്ടോ എന്നും അന്വേഷിച്ചു. റസ്റ്റോറന്റ് സർവ്വീസിന് പ്രത്യേകം ഫീസ് ലഭിക്കുന്നുണ്ടെന്നും, കൂടാതെ Lawn area, roof top എന്നിവിടങ്ങളിൽ സെർവ് ചെയ്യുന്നതിനും പ്രത്യേകം ഫീസ് ഈടാക്കുന്നുണ്ടെന്നും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ) അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി സാധൂകരിച്ചു.

## II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2018-19) 28-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ സൈനിക ക്ഷേമ വകുപ്പിൽ നിന്ന് ലഭിച്ച മറുപടി.

പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**III.** തുടർന്ന് സമിതി നിയമസഭാ നടപടിക്രമം ചട്ടം 235(എ) പ്രകാരം ചരക്ക് സേവന നികുതി (GST) സംബന്ധിച്ച വിഷയം പരിഗണനയ്ക്കെടുത്തു.

(ഫയൽ നമ്പർ 5026/സബ്.സി.ഇ 2/2018/നി.സെ. )

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 25-9-2018-ലെ സമിതി യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 സെപ്റ്റംബർ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങൾ പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജൻ എൻ. ഖൊബ്രഗഡേ, പ്രിൻസിപ്പൽ സെക്രട്ടറി, ചരക്ക് സേവന നികുതി വകുപ്പ്
2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീമതി നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. എ. ബി. ചന്ദ്രശേഖർ, അസിസ്റ്റന്റ് കമ്മീഷണർ- II, ചരക്ക് സേവന നികുതി വകുപ്പ്
5. ശ്രീ. ബി. എസ്. ത്യാഗരാജ ബാബു, ജോയിന്റ് കമ്മീഷണർ (ജനറൽ), ചരക്ക് സേവന നികുതി വകുപ്പ്.

യോഗത്തിൽ നിയമസഭാ നടപടിക്രമം ചട്ടം 235(എ) പ്രകാരം "ചരക്ക് സേവന നികുതി (ജി. എസ്. ടി.)" സംബന്ധിച്ച വിഷയം പരിഗണനയ്ക്കെടുത്ത സമിതി, പ്രസ്തുത വിഷയത്തെകുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായി അംഗീകരിക്കുന്ന ചില വിമർശനങ്ങൾ കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നും, ആയതിനാൽ പിന്നീട് ഒരു അവസരത്തിൽ ചർച്ച ചെയ്യാം എന്നും അറിയിച്ചു.

ജി.എസ്.ടി.-ക്ക് മേൽ ഏർപ്പെടുത്തിയിരിക്കുന്ന സെസ്സ് കേരളത്തിന് ലഭിക്കുന്നുണ്ടോ, സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തുന്ന കാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ എന്നീ ചോദ്യങ്ങൾക്ക്, ജി.എസ്.ടി.-ക്ക് മേലുള്ള സെസ്സ് ആറ് മാസത്തേക്കാണ് ലഭിക്കുന്നതെന്നും, ഇന്നത്തെ നിലയ്ക്ക് ഒരു വർഷം 750 കോടി രൂപ ലഭിക്കുമെന്നും, വായ്പാ പരിധി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടില്ലെന്നും സമിതി അദ്ധ്യക്ഷൻ അറിയിച്ചു. പ്രളയ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽ നിന്ന് അനുവദിച്ച 600 കോടി രൂപ എസ്. ഡി. ആർ. എഫ്.-ലേക്കാണ് പോകുന്നതെന്നും ശേഷിക്കുന്ന തുകയ്ക്കായി വായ്പയെടുക്കേണ്ടിവരുമെന്നും, വായ്പാ പരിധി ഉയർത്താത്തപക്ഷം മറ്റ് ചെലവുകൾ വെട്ടിച്ചുരുക്കേണ്ടി വരുമെന്നും അദ്ദേഹം അറിയിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## (6) 29-11-2018-ലെ സമിതി യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 നവംബർ 29-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിന് ശേഷം രാവിലെ 9.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. വി. കെ. സി. മമ്മത് കോയ
2. ശ്രീ. വി. ഡി. സതീശൻ
3. ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യൂക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി,
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജൻ എൻ. ഖൊബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ചരക്ക് സേവന നികുതി
2. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ആർ. രാജഗോപാൽ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
4. ശ്രീ. ഫെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ബി. എസ്. ത്യാഗരാജ ബാബു, ജോയിന്റ് കമ്മീഷണർ (ജനറൽ), ചരക്ക സേവന നികുതി വകുപ്പ്.

സർക്കാരിൽനിന്നും ലഭിച്ച എസ്.ആർ.ഒ.കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഫയലുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. നികുതി (ബി) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ 2017-ലെ കേരള ചരക്ക് സേവന നികുതി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 473/2018, 474/2018, 475/2018, 476/2018, 477/2018, 478/2018, 479/2018, 480/2018, 481/2018, 512/2018, 513/2018, 514/2018, 515/2018, 516/2018, 517/2018, 518/2018, 519/2018, 520/2018, 521/2018, 1963ലെ കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്. ആർ. ഒ. നമ്പർ 533/2018, 553/2018, 554/2018, 555/2018, 556/2018, 557/2018, 558/2018, 559/2018, 560/2018, 583/2018, 584/2018, 585/2018, 594/2018, 595/2018 എന്നിവ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5476/സബ്. സി. ഇ 2/2018/നി. സെ.)

II. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ, ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡിക 18 മുതൽ 20 വരെയുള്ളവയിന്മേലുള്ള നടപടി റിപ്പോർട്ട്, പ്രസ്തുത റിപ്പോർട്ടിലെ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡിക 32 മുതൽ 35 വരെയുള്ളവയിന്മേലുള്ള നടപടി റിപ്പോർട്ട് എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2532/സബ്.സി.ഇ 2/2017/നി.സെ.)

III. സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്തിയ ഫയലുകൾ

(1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട 49-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3243/സബ്.സി.ഇ 2/2014/നി.സെ.)

(2) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട 49- ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.
(ഫയൽ നമ്പർ 3243/സബ്.സി.ഇ 2/2014/നി.സെ.)

(3) 2014-ലെ അബ്കാരി (ഭേദഗതി) ആക്ടിലെ 6-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥ നടപ്പാക്കുന്നതിനായി കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2067/സബ്.സി.ഇ 2/2014/നി.സെ.)

IV. ചട്ടം 235 'എ' പ്രകാരം 'സംസ്ഥാനത്തെ ട്രഷറികളുടെ നവീകരണം' എന്ന വിഷയം സംബന്ധിച്ച ചർച്ച മറ്റൊരു ദിവസം പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

യോഗം രാവിലെ 10.15-ന് അവസാനിച്ചു.

## (7) 4-12-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ഡിസംബർ 4-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിന് ശേഷം ഉച്ചയ്ക്ക് 1.40-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പ് മന്ത്രിയുമായ ഡോ.ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗവും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുമായ ശ്രീ. ജി. സുധാകരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. .

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ദീപ ആർ കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. രാജൻ എൻ. ഖൊബ്രാഗഡേ, പ്രിൻസിപ്പൽ സെക്രട്ടറി, ചരക്ക് സേവന നികുതി വകുപ്പ്
2. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി റ്റി. നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ആർ. രാജഗോപാൽ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
6. ശ്രീ. സെനിൽ എ. കെ. രാജൻ, ജോയിന്റ് കമ്മീഷണർ, നിയമ വകുപ്പ്
7. ശ്രീ. ബി. എസ്. ത്യാഗരാജ ബാബു, ജോയിന്റ് കമ്മീഷണർ (ജനറൽ), ചരക്ക് സേവന നികുതി വകുപ്പ്.

സമിതി, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പരിഗണിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ പ്രസ്തുത ബില്ലിൽ ഒരു ഖണ്ഡം ഒഴികെയുള്ളതെല്ലാം വ്യാപാരികൾക്ക് അനുകൂലമാണെന്നും, നിലവിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ തീരുമാനിച്ചാൽ റദ്ദാക്കുന്നതിന് രണ്ട് മാസ കാലയളവ് വേണ്ടിവരുമെന്നും ഈ കാലയളവിൽ വ്യാപാരികൾക്ക് വ്യാപാരം നടത്താനാകുമെന്നും, എന്നാൽ ഇപ്പോൾ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യാൻ കൂടി കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു

ത്രീ മോഡ് ഫയലിംഗ് സിസ്റ്റം ലഘൂകരിക്കുന്നതിനുള്ള പ്രൊവിഷൻ ഏർപ്പെടുത്തണമെന്നുള്ള ആവശ്യം ഉയർന്നുവന്നപ്പോൾ ആയതിലേക്കായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും നേരത്തെയുള്ള ഫോർമാറ്റ് പ്രകാരം വിൽക്കുന്നതിന് മാത്രം നികുതി കൊടുത്താൽ മതിയാകുമെന്നും ബാക്കിയെല്ലാം ഓട്ടോ ജനറേറ്റഡാണ് എന്നും ഒത്തുതീർപ്പെത്തിക്കാനുള്ള ബുദ്ധിമുട്ട് കൊണ്ടാണ് ഇതിനെ സിംപ്ലിഫൈ ചെയ്യാൻ തീരുമാനിച്ചതെന്നും ഇപ്പോൾ ജി. എസ്. ടി. ആർ. കൊടുക്കണമെന്നും ക്രോസ് ചെക്കിംഗില്ലെന്നും സമിതി ചെയർമാൻ അറിയിച്ചു.

സി.ജി.എസ്.ടി.-യിൽ പണം വേഗത്തിൽ റീഫണ്ട് ചെയ്യാൻ സാധിക്കുമെങ്കിലും എസ്.ജി.എസ്.ടി.-യിൽ ആയതിന് കാലതാമസം വരുന്നുവെന്ന പരാതി നിലവിലുണ്ടെന്നും അതിനാൽ ചെറുകിട കച്ചവടക്കാർ പ്രതിസന്ധിയിലാണെന്നും സമിതി അഭിപ്രായപ്പെട്ടതിനെ തുടർന്ന് എസ്.ജി.എസ്.ടി.-യിൽ റീഫണ്ടിനായി രണ്ട് ഘട്ടങ്ങളുണ്ടെന്നും, സി.ജി.എസ്.ടി.-യിൽ ആപ്ലിക്കേഷൻ പാസ്സാക്കിയതിനുശേഷം എസ്.ജി.എസ്.ടി. കമ്പോണന്റ് എത്രയാണെന്ന് നിർണ്ണയിച്ച് എസ്.ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിലേക്ക് അയയ്ക്കുമെന്നും, ഓരോ മാസവും 10-ാം തീയതിക്കുശേഷമാണ് ഡ്യൂസ് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നതെന്നും, ഇതാണ് എസ്.ജി.എസ്.ടി. റീഫണ്ടിന്റെ കാലതാമസത്തിന് കാരണമെന്നും ചരക്കുസേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ (ജനറൽ) സമിതിയെ അറിയിച്ചു.

ചരക്കുനികുതി നേരത്തെയുള്ളതിന്റെ പകുതിയായിട്ടുണ്ടെന്നും സർവ്വീസ് ടാക്സിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

പ്രസ്തുത വിഷയം സംബന്ധിച്ച് ആദ്യം 355 കേസ്സുകളും പിന്നീട് 68 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവയുടെ ഹിയറിംഗ് നടക്കുകയാണെന്നും ജമ്മുകാശ്മീർ ഉൾപ്പെടെയുള്ള നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങൾക്ക് നേരത്തെ വിറ്റുവരവ് വളരെ കുറവായിരുന്നതിനാൽ ത്രെഷ്ഹോൾഡ് 5 ലക്ഷമായിരുന്നു എന്നും എന്നാൽ ഉത്തരാഖണ്ഡ്, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങൾ സ്പെഷ്യൽ സ്റ്റാറ്റസ് വേണമെന്ന് അഭിപ്രായപ്പെട്ടതിനാലും ഇന്റർ സ്റ്റേറ്റ് ട്രാൻസാക്ഷൻ നടത്തുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും, ദേശീയ തലത്തിൽ വന്ന മാറ്റങ്ങൾമൂലവുമാണ് വിറ്റുവരവ് 10 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി ഉയർത്തിയതെന്നും ചരക്ക് സേവന നികുതി, പ്രിൻസിപ്പൽ സെക്രട്ടറി, സമിതിയെ അറിയിച്ചു.

കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ട് ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണെന്ന് സമിതി ആരാഞ്ഞതിന്, ആൾ ഇന്ത്യാ ലെവലിൽ വന്ന മാറ്റങ്ങൾമൂലമാണ് ഇവിടെയും മാറ്റങ്ങൾ വന്നതെന്ന് ചരക്ക് സേവന നികുതി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2018-ലെ കേരള സംസ്ഥാന ചരക്കസേവന നികുതി (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിച്ച സമിതി ഭേദഗതികളില്ലാതെ അംഗീകരിച്ചു

2018-ലെ കേരള സംസ്ഥാന ചരക്കസേവന നികുതി (ഭേദഗതി) ബില്ലിന്മേൽ ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. വി. ഡി. സതീശൻ എന്നീ അംഗങ്ങൾ വിയോജന കുറിപ്പ് സമിതി മുമ്പാകെ നൽകുകയുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 2.05-ന് പിരിഞ്ഞു.

## (8) 19-2-2019-ലെ യോഗ നടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2019 ഫെബ്രുവരി 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00-ന്, നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീ. മനോജ് ജോഷി, സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, റവന്യൂ (വഖഫ്) വകുപ്പ്
5. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, നികുതി വകുപ്പ്

6. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണം (സൈനികക്ഷേമം) വകുപ്പ്

7. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, പൊതുഭരണ വകുപ്പ്

8. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ട്രഷറി വകുപ്പ്

9. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

10. ശ്രീ. എസ്. മനു, ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി

11. ശ്രീ. പി. ജോൺസൺ, ഡയറക്ടർ (ഇൻ-ചാർജ്), ഇൻഷ്വറൻസ് വകുപ്പ്

12. ശ്രീ. പി. വി. ബാബു, ഡയറക്ടർ (ഇൻ-ചാർജ്), സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

13. ശ്രീ. എം. ഹർഷൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

14. ശ്രീ. ആർ. രാജഗോപാൽ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്

15. ശ്രീ. എസ്. അനൂപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ(ബഡ്ജറ്റ്) വകുപ്പ്

16. ശ്രീ. വി. കെ. രാജൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീമതി കെ. രാജശ്രീ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീ. ഹെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

19. ശ്രീ. വി. സി. അനിൽ കുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

20. ശ്രീമതി വി. ആർ. മിനി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

21. ശ്രീമതി എം. മിനി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

22. ശ്രീമതി എസ്. ലത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

23. ശ്രീ. ബി. ഗോപകുമാർ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

24. ശ്രീ. എ. എസ്. കൃഷ്ണകുമാർ, ജോയിന്റ് സെക്രട്ടറി, ട്രഷറി വകുപ്പ്

25. ശ്രീ. എസ്. വി. ഷിറാസ്, ജോയിന്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഹജ്ജ് ഹൗസ് കമ്മിറ്റി

26. ശ്രീമതി ഡി. കൃഷ്ണപ്രിയ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
27. ശ്രീ. എം. എസ്. ബിജുകുമാർ, ജോയിന്റ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
28. ശ്രീമതി ജി. ഗീതാദേവി, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
29. ശ്രീ. കെ. രാജു, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
30. ശ്രീ. വി. പി. ഷറഫുദ്ദീൻ, ജോയിന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
31. ശ്രീ. ജി. രാജേന്ദ്രൻ പിള്ള, ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ്
32. ശ്രീമതി കെ. ബിന്ദു, ഓഡിറ്റ് ഓഫീസർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
33. ശ്രീ. വി. ആർ. അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ വകുപ്പ്.

2019-20 സാമ്പത്തിക വർഷത്തെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## V—ധനാഭ്യർത്ഥന നമ്പർ (ചരക്കുസേവന നികുതിയുംകാർഷികാദായ നികുതിയും വിൽപ്പന നികുതിയും)

നികുതി വകുപ്പിന് 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതിയേതരത്തിൽ ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ളതിനെക്കാൾ 10.10 കോടി രൂപ അധികമായി ആവശ്യമാണെന്ന് നികുതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ആവശ്യപ്പെടുന്ന തുകയ്ക്ക് ഏറെക്കുറെ സമാനമായ തുകയാണ് പല വകുപ്പുകളും അധികമായി ആവശ്യപ്പെടുന്നതെന്നും, ഇങ്ങനെ സംഭവിക്കുന്നതെന്തുകൊണ്ടെന്നും സമിതി ആരാഞ്ഞതിന് 282.2 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 2018-19-ൽ ഉണ്ടായിരുന്നു എന്നും 280.77 കോടി രൂപയുടെ ചെലവ് ഉണ്ടായതുകൊണ്ടാണ് ഇപ്പോൾ അധിക തുക ആവശ്യപ്പെടുന്നതെന്നും നികുതി വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

നടപ്പ് സാമ്പത്തിക വർഷം 'കമ്മീഷണറുടെ കാര്യാലയം-യാത്രാച്ചെലവുകൾ-സ്ഥലം മാറ്റബത്ത' എന്ന ഇനത്തിൽ 8-2-2019 വരെയുള്ള ചെലവ് 14,086 രൂപയാണ്. ഈ ഇനത്തിലെ ബഡ്ജറ്റ് വിഹിതം 58,000 രൂപയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 44,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

'കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വെള്ളക്കരം' എന്ന ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 1.29256 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 62,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2019-20 വർഷത്തേക്കുള്ള ചെലവിനായി 'കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്' എന്ന ശീർഷകത്തിൽ 1.55 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 1.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നടപ്പ് സാമ്പത്തിക വർഷത്തിൽ 'കമ്മീഷണറുടെ കാര്യാലയം - സംരക്ഷണം' എന്ന ഇനത്തിൽ 8-2-2019 വരെയുള്ള ചെലവ് 2.94705 ലക്ഷം രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 2.16 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

'കമ്മീഷണറുടെ കാര്യാലയം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെ 4.54011 ലക്ഷം രൂപ ചെലവായി. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.12 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

'കമ്മീഷണറുടെ കാര്യാലയം - മറ്റ് ചെലവുകൾ-മറ്റിനം' എന്ന ശീർഷകത്തിൽ നടപ്പ് വർഷം 8-2-2019 വരെ 8.2625412 കോടി രൂപ ചെലവായി. ടി ശീർഷകത്തിൽ 2019-2020 സാമ്പത്തിക വർഷത്തേക്ക് 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ അധികമായി 6.80 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

'കമ്മീഷണറുടെ കാര്യാലയം-പെട്രോൾ' എന്ന ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെ 11.40211 ലക്ഷം രൂപ ചെലവായി. ഈയിനത്തിൽ 2019-2020 വർഷത്തേക്ക് 19.52 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈയിനത്തിൽ 1.52 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 'കമ്പ്യൂട്ടർവൽക്കരണം-വേതനം' എന്ന ശീർഷകത്തിൽ 9.32 ലക്ഷം രൂപ ചെലവ് വരുമെന്നതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള 8.50 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി ഈ ശീർഷകത്തിൽ 82,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'വേതനം-മറ്റ് അലവൻസുകൾ' എന്ന ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 37,000 രൂപയാണ്. ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'ചരക്കുസേവന നികുതി കാര്യാലയങ്ങൾ-വേതനം-ദിവസവേതനം' എന്ന ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം 8-2-2019 വരെയുള്ള ചെലവ് 2.4245 കോടി രൂപയാണ്. മേൽ ശീർഷകത്തിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 1.9802 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

1-4-2018 മുതൽ 8-2-2019 വരെ 'സംഭരണ ചെലവുകൾ-യാത്രാ ചെലവുകൾ-യാത്രാ ബത്ത' എന്ന ശീർഷകത്തിൽ 55,590 രൂപ ചെലവായി. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി 1.61 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 86,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

'സംഭരണ ചെലവുകൾ-യാത്രാ ചെലവുകൾ-സ്ഥലംമാറ്റ ബത്ത' എന്ന ശീർഷകത്തിൽ നടപ്പുവർഷം 8-2-2019 വരെയുള്ള ചെലവ് 14,337 രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി 52,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 29,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

'ചരക്കുസേവന നികുതി കാര്യാലയങ്ങൾ-ചെറുകിട മരാമത്തു പണികൾ' എന്ന ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 10.65 ലക്ഷം രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി 38.08 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നവെങ്കിലും നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായതിനാൽ 18.08 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിൽ പ്രോപ്പർട്ടി ടാക്സ് നിരക്കിൽ ഓരോ അഞ്ചുവർഷവും 25 ശതമാനം വർദ്ധനയുണ്ടാകുന്നുണ്ടെന്നും പ്രസ്തുത നിരക്ക് ഒരുമിച്ച് വർദ്ധിപ്പിക്കുന്നതിനുപകരം പ്രതിവർഷം നിശ്ചിതശതമാനം വർദ്ധിപ്പിക്കുന്ന രീതി ഉചിതമായിരിക്കും എന്നും സമിതി വിലയിരുത്തി. ആയതിലേക്കായി മറ്റ് സംസ്ഥാനങ്ങളിലെ നിലവിലെ പ്രോപ്പർട്ടി ടാക്സ് നിരക്ക്, നിരക്ക് വർദ്ധിപ്പിക്കുന്ന കാലയളവ്, ഓരോ തവണയിലുമുള്ള നിരക്ക് വർദ്ധന എന്നിവ സംബന്ധിച്ച് ഒരു താരതമ്യപഠനം നടത്തണമെന്നും പ്രോപ്പർട്ടി ടാക്സ് പ്രതിവർഷം ഒരു നിശ്ചിതശതമാനം വീതം വർദ്ധിപ്പിക്കുന്ന രീതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള മണിലെൻഡേഴ്സ് നിയമപ്രകാരം പണം കടം കൊടുക്കൽ ബിസിനസ്സ് നടത്തുന്നവർ ഇതുവരെ രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള പണമിടപാടുകൾ മാത്രമാണ് ചെക്കുകൾ മുഖേന നടത്തിയിരുന്നത്. ആയത് 25,000 രൂപയായി കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡ് മന്ദിര സമുച്ചയത്തിന്റെ വാടകയായി 1-11-2015 മുതൽ 31-3-2018 വരെ 30.39 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് കുടിശ്ശികയായി നൽകേണ്ടതുണ്ട്. ആയതിനാൽ 'ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 30.39379 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ NOC ലഭിക്കുന്നതിനുള്ള കാലതാമസം കാരണം നിരവധി പി.ഡബ്ല്യു.ഡി. വർക്കുകൾ പൂർത്തിയാക്കാനും പണി പൂർത്തിയായ കെട്ടിടങ്ങൾ ഉപയോഗിക്കാനും കഴിയുന്നില്ലെന്നും, കിഫ്ബിയിലുൾപ്പെടുത്തി ആരംഭിച്ച കാത്ത് ലാബുകൾ, ആശുപത്രികൾ തുടങ്ങിയവ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തി. ജോലി പൂർത്തിയാകാതെ ഒരു കോൺട്രാക്ടർ മാറുകയാണെങ്കിൽ പ്രസ്തുത കോൺട്രാക്ടർ ചെയ്ത ജോലിയുടെ സർട്ടിഫിക്കേഷൻ നൽകാൻ സാധിക്കില്ലെന്നുള്ളതും, സ്റ്റാഫിന്റെ പരിമിതിയുമാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണമെന്ന് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്നും കാലതാമസം വന്നിട്ടുള്ള കേസ്സുകൾ ആഭ്യന്തരമായി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് ട്രഷറികളും അക്കൗണ്ടുകളും എന്ന ധനാഭ്യർത്ഥന നമ്പർ X സമിതി പരിഗണിച്ചു.

കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ 2015 മുതലുള്ള വാടക കുടിശ്ശിക, പലിശ എന്നിവ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി 'ലോക്കൽ ഫണ്ട് ഓഡിറ്റ്-ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 81.0603 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 30.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2019-2020 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 23 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 194 കോടി രൂപയും ട്രഷറി വകുപ്പിന് വകയിരുത്തിട്ടുള്ളതിനാൽ അധിക തുക ആവശ്യമില്ല എന്ന് ട്രഷറി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ട്രഷറി ബില്ലുകൾ മാറുന്നതിനും, സ്പെഷ്യൽ റ്റി.എസ്.ബി. ബില്ലുകൾ സബ്മിറ്റ് ചെയ്യുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ, പ്രൊഫഷണൽ ടാക്സിന്റെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലുള്ള പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികൾ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഇതിൽ സാങ്കേതികമായ പ്രശ്നമാണുള്ളതെന്നും ട്രഷറി അക്കൗണ്ടിലേയ്ക്ക് ഫണ്ട് പാർക്കുചെയ്യുന്ന രീതിയിലുള്ള പേമെന്റ് മെക്കാനിസം ഫോളോ ചെയ്യാൽ ബുദ്ധിമുട്ടാണെന്നും ഒരു ഇന്റർമീഡിയറി അക്കൗണ്ടിലേയ്ക്ക് ഫണ്ട് പാർക്ക് ചെയ്താൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ട്രഷറി ബിൽ പാസ്സാക്കി ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങളുണ്ടെന്നും മുൻകാലങ്ങളിൽ ട്രഷറി അക്കൗണ്ടിൽ സ്പെഷ്യൽ റ്റി.എസ്.ബി. ആയാൽപോലും അവിടെ പാർക്ക് ചെയ്തുകൊണ്ടുള്ള പേമെന്റ് സിസ്റ്റമായിരുന്നു എന്നും ഇപ്പോൾ അതിന് കഴിയില്ല എന്നും ട്രഷറി ഡയറക്ടർ സമിതിയെ അറിയിച്ചു.

കൂടാതെ ഒരു റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്ന് മറ്റൊരു റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യാൻ പാടില്ലെന്നും ഒരു റ്റി.എസ്.ബി. അക്കൗണ്ടിലുള്ള പണം ബന്ധപ്പെട്ട ഗുണഭോക്താവിന് മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നുമുള്ള പൊതു നിർദ്ദേശമുണ്ടെന്നും, ഫണ്ടിന്റെ ആവശ്യകത വരുമ്പോൾ വകുപ്പുകൾക്ക് തുക നേരിട്ട് കൊടുക്കാൻ നിലവിൽ സാധിക്കുമെന്നും, ട്രഷറിയുടെ ബാങ്ക് അക്കൗണ്ടും ഐ.എഫ്.എസ്.സി. കോഡും ബില്ലിൽ രേഖപ്പെടുത്തിയാൽ മതിയെന്നും ട്രഷറി വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി പ്രസ്തുത വിഷയം സ്പെഷ്യൽ കേസ്സായി പരിഗണിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ട്രഷറികൾക്കും സ്വന്തം കെട്ടിടമില്ലാത്ത അവസ്ഥയാണുള്ളതെന്ന് സമിതി വിലയിരുത്തി. എന്നാൽ നിലവിൽ 78 ട്രഷറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അതിൽ 14 ട്രഷറികൾക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും 13 പുതിയ ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഇൻകെൽ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കുവേണ്ടി സർക്കാർ മുമ്പാകെ സമർപ്പിച്ചിരിക്കുന്നുവെന്നും 20 ട്രഷറികൾക്ക് റവന്യൂ വകുപ്പിന്റെ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വസ്തു കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുവെന്നും ബാക്കിയുള്ള 31 ട്രഷറികൾക്ക് കെട്ടിടത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു എന്നും ട്രഷറി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി ധനാഭ്യർത്ഥന നമ്പർ XI-നേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട മൂന്നിനങ്ങളിൽ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും പുതിയ ശീർഷകം അനുവദിച്ചത് ശ്രദ്ധയിൽപ്പെടാത്തതിനാൽ ആയതിലേക്ക് ഫണ്ട് ആവശ്യപ്പെടാൻ സാധിച്ചില്ല എന്നും ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ സമിതിയെ അറിയിച്ചു.

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% സർക്കാർ വിഹിതമായി ഒടുക്കേണ്ടതാണെന്നും 2019-2020 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം, അടയ്ക്കുന്നതിനായി 1.25748 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 1.4035997 കോടി രൂപയും ഉൾപ്പെടെ ആകെ 2.6611 കോടി രൂപ ആവശ്യമായിട്ടുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്നും ആയതിനാൽ 'ദേശീയ സമ്പാദ്യ സംഘടന ഡയറക്ടറാഫീസ്-മറ്റ് ചെലവുകൾ-മറ്റിനം' എന്ന ശീർഷകത്തിൽ 2.661 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ 2019-2020 സാമ്പത്തിക വർഷം ബയോമെട്രിക് പഞ്ചിംഗ്, ഇ-ഓഫീസ് എന്നിവ നടപ്പിലാക്കുന്നതിനായി 'ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്-വിവര സാങ്കേതികവിദ്യ' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ അധികമായി 14 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2019-2020 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 17 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം

വിതരണം ചെയ്യുന്നതിനായി 'ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്. എ. എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം' എന്ന ശീർഷകത്തിൽ 29 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി ധനാഭ്യർത്ഥന നമ്പർ XVI പരിഗണിക്കുകയുണ്ടായി.

'പെൻഷനും മറ്റ് സേവന വിരാമ ആനുകൂല്യങ്ങളും' എന്ന ഹെഡ്ഡിൽ 18,911.83 കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ അധിക തുക ആവശ്യമില്ലായെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1 ലക്ഷം രൂപ വരെയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 'ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്ര ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്-മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ട്രാവൻകൂർ, കൊച്ചി, കോഴിക്കോട് എന്നീ രാജകുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട പലരുടെയും സാമ്പത്തിക സ്ഥിതി ഇപ്പോൾ മോശമാണെന്നും ഇവർക്ക് നൽകുന്ന പെൻഷൻ തുകയിൽ കാലാനുസൃതമായ വർദ്ധനവുണ്ടാകണമെന്നും പെൻഷൻ തുക ഏകീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ ട്രാവൻകൂർ, കൊച്ചി, കോഴിക്കോട് എന്നീ രാജകുടുംബാംഗങ്ങളിലെ രാജാവിനും രാജകുടുംബാംഗങ്ങൾക്കും മറ്റുള്ള രാജാക്കൻമാർക്കും മൂന്ന് പ്രത്യേക നിരക്കുകളിലാണ് പെൻഷൻ നൽകുന്നതെന്നും കഴിഞ്ഞ വർഷം എല്ലാവർക്കും മിനിമം ഒരേ നിരക്കിൽ 3000 രൂപ പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും മറ്റ് പെൻഷനുകൾ ലഭിക്കാൻ നിബന്ധനകളുണ്ടെങ്കിലും രാജകുടുംബാംഗങ്ങൾക്കുള്ള പെൻഷൻ ലഭിക്കുന്നതുകൊണ്ട് ഇവർക്ക് മറ്റ് ജോലി ചെയ്യാൻ ഒരു തടസ്സവുമില്ലായെന്നും 1949 വരെ ജനിച്ചവർക്ക് മാത്രമേ ഈ പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂ എങ്കിലും അതിനുശേഷം ജനിച്ച പലരും വർഷങ്ങളായി പെൻഷൻ വാങ്ങുന്നുണ്ടെന്നും, പെൻഷൻ തുക വർദ്ധിപ്പിച്ചാൽ ഇനി വരുന്ന തലമുറകൾക്കും പെൻഷൻ കൊടുക്കേണ്ടിവരുമെന്നും, ആയതിനാൽ പെൻഷൻ തുക വർദ്ധിപ്പിക്കേണ്ട യാതൊരു ആവശ്യവുമില്ലായെന്നും പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ. രാജകുടുംബാംഗങ്ങൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അംഗത്തിന്റെ അഭിപ്രായം പരിഗണിക്കാതെ സമിതി എടുത്ത തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തി.

2017-18 സാമ്പത്തിക വർഷത്തിൽ 'മുൻ കൊച്ചി രാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ' എന്ന ശീർഷകത്തിൽ നിന്ന് 18.43 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷം 31-12-2018 വരെ 14.25 ലക്ഷം രൂപയും ചെലവായിട്ടുള്ളതിനാൽ 2019-2020 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ടിട്ടുള്ള തുകയെക്കാൾ അധികചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 3.50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'മറ്റു ചെലവുകൾ-തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ പെൻഷൻ' എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 31-12-2018 വരെ 31.07501 ലക്ഷം രൂപ ചെലവായിട്ടുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തെക്കാൾ അധിക തുക ആവശ്യമുള്ളതിനാലും ടി ശീർഷകത്തിൽ അധികമായി 9.50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ-നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ' എന്ന ശീർഷകത്തിൽ മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് നടപ്പ് വർഷം കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ല. ആയതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് 2019-2020 സാമ്പത്തിക വർഷത്തിൽ 'മറ്റ് വായ്പകൾ-ക്ലാസ്സ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ' എന്ന ശീർഷകത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ടിക്കറ്റ് ഡിസ്ട്രിബ്യൂഷൻ സാധാരണക്കാർക്ക് ലഭിക്കാത്തത് സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരുന്നതായി സമിതി വിലയിരുത്തി. അച്ചടിക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ കൊടുക്കാൻ തികയാതെ വരുന്നുണ്ടെന്നും ഒരു കോടി ഇരുപതിനായിരം ടിക്കറ്റുകൾ അച്ചടിച്ചിരുന്ന സ്ഥാനത്ത് ഒരു കോടി രണ്ട് ലക്ഷം ടിക്കറ്റുകൾ 2019 ഫെബ്രുവരി 1-ാം തീയതി മുതൽ അച്ചടിക്കാൻ ആരംഭിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സാധാരണക്കാരായ നിരവധി ആളുകളുടെ ഉപജീവനമാർഗ്ഗമായതിനാൽ ഭാഗ്യക്കുറി ടിക്കറ്റ് ഡിസ്ട്രിബ്യൂഷൻ സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി ഒരു പ്രത്യേക യോഗം ചേരുന്നത് ഉചിതമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെട്ടു.

ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ്, ഫലപ്രസിദ്ധീകരണം എന്നിവയ്ക്കായി 'ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം, പ്രചരണം എന്നിവയുള്ള ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായതിനാൽ ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ ഇനത്തിൽ ചെലവഴിക്കേണ്ടിവരുമെന്നതിനാൽ ഏകദേശം 3559 കോടി രൂപ ചെലവ് 'സംസ്ഥാന ഭാഗ്യക്കുറി-ഏജന്റുമാരുടെ കമ്മീഷൻ' എന്ന ശീർഷകത്തിൽ പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 614 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ വൈദ്യുത ചെലവ് ഇനത്തിൽ അനുവദിച്ച തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ 'ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ- വൈദ്യുത ചെലവ്' എന്ന ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ 2019-2020 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 50.92 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 'ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ 15.21 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സെക്യൂരിറ്റി ഡിസൈൻ ലാബിലെ ജീവനക്കാരുടെ ശമ്പളം, കൺസൽട്ടൻസി ചാർജ്ജ്, യാത്രാബത്ത, ടിക്കറ്റ് എക്സാമിനേഷൻ ചാർജ്ജ് എന്നിവ 'സംസ്ഥാന ഭാഗ്യക്കുറി - സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കൽ' എന്ന ശീർഷകത്തിൽ നിന്നും

വഹിക്കുന്നതിനാൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പ 25 ലക്ഷമായി ഉയർത്തിയിട്ടുള്ളതിനാൽ 'ഭവനനിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ' എന്ന ശീർഷകത്തിൽ ഒരു കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽസാഹചര്യത്തിൽ 'ഈടാക്കാൻ കഴിയാത്ത വായ്പകൾ എഴുതിത്തള്ളൽ-വീട് വായ്പ എഴുതിത്തള്ളൽ' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബാങ്കിലേയ്ക്ക് ഭവന വായ്പാ പോർട്ട് ഫോളിയോ കൈമാറിയതിൽ പലിശയിനത്തിലെ തിരിച്ചടവിനുള്ള 2018-19-ലെ ഇൻവോയിസ് നാളിതുവരെ ലഭിച്ചിട്ടില്ല. 2019-2020 സാമ്പത്തിക വർഷം 'മറ്റ് ചെലവുകൾ-ഭവന നിർമ്മാണ വായ്പ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പഞ്ചാബ് നാഷണൽ ബാങ്കിനും ഫെഡറൽ ബാങ്കിനും നൽകേണ്ട പലിശ ധനസഹായം' എന്ന ശീർഷകത്തിൽ 9 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഹജ്ജ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2018-19-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും 'മറ്റ് ചെലവുകൾ-കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം' എന്ന ശീർഷകത്തിൽ 2017-18, 2018-19 വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകയാൽ ടി ശീർഷകത്തിൽ അധികമായി 8 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കുമ്പോൾ നൽകേണ്ട തുക കാലതാമസം കൂടാതെ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും, സ്ഥലമേറ്റെടുത്തതിനുശേഷം ഏഴും എട്ടും വർഷം കഴിഞ്ഞും പണം നൽകാത്തത് ദുഃഖകരമാണെന്നും ഇത് ഭാവിയിൽ സ്ഥലമേറ്റെടുക്കുന്നതിനെ ബാധിക്കുമെന്നും,

താഴത്തങ്ങാടി ലോവർ ബസാർ ഇല്ലിക്കൽ റോഡിന്റെ സൈഡിലുള്ള 14 കുടുംബങ്ങൾക്ക് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് പണം നൽകാനുണ്ടെന്നും ആയത് അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസ്സുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനുമായി 'മറ്റു ചെലവുകൾ-സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസ്സുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക' എന്ന ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് 'പലവക സാമ്പത്തിക സർവ്വീസുകൾ' എന്ന ധനാഭ്യർത്ഥന നമ്പർ XXVIII പരിഗണിച്ചു.

സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 4.41 കോടി രൂപ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും 2018-19 സാമ്പത്തിക വർഷം ലഭ്യമായ തുക 3.31 കോടി രൂപ മാത്രമാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കേണ്ടതിനാൽ 'സാമ്പത്തിക സ്ഥിതിവിവര കണക്കുകൾ-ഭാരതീയ സ്ഥിതി വിവര കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി' എന്ന ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിച്ചു.

'ജില്ലാ ഓഫീസുകൾ-ശമ്പളം-മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്' എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെ.എസ്.ഐ.ഡി.-യും കെ.ടി.ഡി.എഫ്.സി.-യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതിനാൽ 'സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇൻഷ്വറൻസ് വകുപ്പിന്റെ ആറ് ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ 'സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ' എന്ന ശീർഷകത്തിൽ 36 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപ്പണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റൽ, SLI പോളിസി ഫയലുകളുടെ സ്കാനിംഗ് എന്നിവയ്ക്കായി 'സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-കമ്പ്യൂട്ടർവൽക്കരണം' എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 1.20 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിൽസാ ധനസഹായം, വിവാഹ ധനസഹായം എന്നീ ഇനങ്ങളിൽ 2014 വർഷം മുതൽ ലഭിച്ച അപേക്ഷകർക്ക് മുടങ്ങി കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ വിതരണം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുമായി 'മറ്റു ചെലവുകൾ-വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്ന ശീർഷകത്തിലേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ 8.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2019 ഫെബ്രുവരി 28-ന് ചേരാൻ നിശ്ചയിച്ചിരുന്ന സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത്തെ യോഗം മാർച്ച് 6-ാം തീയതിയിൽ ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് അവസാനിച്ചു.

## (9) 13-3-2019-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2019 മാർച്ച് 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. വി.കെ. സി. മമ്മത്കോയ, എം.എൽ.എ.
3. ശ്രീ. ഡി.കെ. മുരളി, എം.എൽ.എ.
4. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ജി സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. കെ. എൻ. സതീഷ്, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
2. ശ്രീ. യു.വി. ജോസ്, ലാന്റ് റവന്യൂ കമ്മീഷണർ (ഇൻ- ചാർജ്) ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
3. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ട്രഷറി വകുപ്പ്
4. ശ്രീ. എസ്. അനൂപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
5. ശ്രീമതി റ്റി.നിതാ കുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
7. ശ്രീ. എം. മോഹനരാജ്, ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
8. ശ്രീ. കെ. എ. ജോസഫ്, ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
9. ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ, ജനറൽ രജിസ്ട്രേഷൻ വകുപ്പ്
10. ശ്രീ. വി. ആർ. അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
11. ശ്രീ. എസ്. ഗിരികുമാർ, സീനിയർ സൂപ്രണ്ട്, ട്രഷറി വകുപ്പ്
12. ശ്രീമതി കെ. ഷെറിൻ, ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്
13. ശ്രീ. സിറിയക് മാത്യൂ, ഫിനാൻസ് ഓഫീസർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

2019-2020 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VII, എക്സൈസ് സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VIII എന്നിവയിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ മുകളിലത്തെ നിലയിൽ പരാതി പരിഹാരസെൽ സെക്ഷൻ പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾക്കും, സെർവർ റൂം നിലവിൽ വായു കടക്കുന്ന തരത്തിലായതിനാൽ എയർ കണ്ടീഷണർ നിരന്തരമായി പ്രവർത്തനരഹിതമാകുന്നതുമൂലമുള്ള പണികൾ ചെയ്യുന്നതിനുമായി 'ഭരണം-ചെറുകിട മരാമത്ത് പണികൾ' എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 മാർച്ച് വരെ നീട്ടിയിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും പാർട്ടികൾക്ക് നോട്ടീസ് അയയ്ക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ സ്റ്റാമ്പ് വാങ്ങുന്നതിനും സ്റ്റേഷനറിയ്ക്കുമായി 'ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2018-19 സാമ്പത്തിക വർഷത്തിൽ 6.50 ലക്ഷം രൂപ ജില്ലാ രജിസ്ട്രാർമാരുടെ പി.ഒ.എൽ. ഇനത്തിൽ ചെലവഴിച്ചുകഴിഞ്ഞതിനാലും, പല ജില്ലകളിലും കുടിശ്ശിക യുള്ളതിനാലും കൂടിവരുന്ന ഇന്ധനവിലയുടെ അടിസ്ഥാനത്തിൽ 'ജില്ലാ ഓഫീസുകൾ-പി.ഒ.എൽ.' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഫ്ലാറ്റുകളും മറ്റും രജിസ്ട്രേഷൻ നടത്താൻ പവർ ഓഫ് അറ്റോർണി കൊടുക്കുമ്പോൾ ഭൂമിയുടെ ഉടമയും കെട്ടിട ഉടമയും വരണമെന്ന തരത്തിൽ വ്യവസ്ഥകളിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ രജിസ്ട്രേഷനുകൾ നടക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും ആയതിനാൽ കെട്ടിട ഉടമയ്ക്ക് തന്നെ അത് ചെയ്യാൻ പറ്റുന്ന തരത്തിൽ വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നും പവർ ഓഫ് അറ്റോർണിയുടെ സ്റ്റാമ്പ് ഡ്യൂട്ടിക്ക് അപ്പർ ലിമിറ്റ് ഫിക്സ് ചെയ്തിട്ടില്ല എന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കാമെന്ന് രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ സമിതിയെ അറിയിച്ചു.

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽനിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 78.342 ലക്ഷം രൂപ നൽകാനുള്ളതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിന്മേൽ 12% ബിൽ തുക ജി. എസ്. റ്റി. ആയി അധികം

നൽകേണ്ടതിനാലും 'മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില' എന്ന ശീർഷകത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 14.146212 കോടി രൂപ കൂടി നൽകേണ്ടതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിന്മേൽ 12% ബിൽ തുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും 'മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ-സ്റ്റാമ്പിന്റെ വില' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ചെറിയ തുകയുള്ള സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതിനാൽ ചെറിയ തുകയുള്ള സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾ ആവശ്യമുള്ളവർ ഇവയുടെ ക്ഷാമം കാരണം ഉയർന്ന വിലയുള്ളവ വാങ്ങാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ട്. കുറഞ്ഞ വിലയുള്ള സ്റ്റാമ്പ്/ മുദ്രപ്പത്രങ്ങൾ സ്റ്റോക്കുണ്ടെങ്കിലും കൃത്രിമമായി ദൗർലഭ്യം സൃഷ്ടിച്ച് ഉയർന്ന വിലയുള്ളവ വാങ്ങാൻ ജനങ്ങളെ നിർബന്ധിതരാക്കുന്ന സാഹചര്യംമൂലമാണിതെന്ന് സമിതി വിലയിരുത്തി. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിലേക്കായി എല്ലാ സ്റ്റാമ്പ് വെണ്ടർമാരും സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾ സംബന്ധിച്ച സ്റ്റോക്ക് വിവരം തങ്ങളുടെ ഓഫീസുകളിൽ പ്രദർശിപ്പിക്കണമെന്നും ട്രഷറി ഓഫീസർമാർ വഴി സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകളിൽ പരിശോധന നടത്തണമെന്നും പരിശോധനയിൽ ടി സ്റ്റോക്ക് വിവരത്തിൽ ക്രമക്കേട് കണ്ടെത്തുന്നപക്ഷം പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പിന്റെ 2019-2020 വർഷത്തെ പ്രവർത്തനങ്ങൾക്ക് 'മേൽനോട്ടം-വേതനം-മറ്റ് അലവൻസുകൾ' എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദൈനംദിന ഓഫീസ് ചെലവുകൾക്കുപുറമേ എല്ലാ ഓഫീസുകളിലുമുള്ള കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സംരക്ഷണത്തിനും സർവ്വീസിംഗിനും 'മേൽനോട്ടം-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ' എന്ന ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് ഭൂരിഭാഗം എക്സൈസ് ഓഫീസുകളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള വാടക കാലാനുസൃതമായി പുതുക്കി കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതുണ്ട്. ആയതിനാൽ 'മേൽനോട്ടം-വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി 8 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പിൽ നവീകരണത്തിന്റെ ഭാഗമായി നിലവിൽ കാലപ്പഴക്കംകൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റി പുതിയ 13 ബൊലേറോ എൽ.എക്സ്. (ഒരെണ്ണത്തിന് 7.7 ലക്ഷം രൂപ) വാങ്ങുന്നതിനായി 'എക്സൈസ് വകുപ്പിന്റെ നവീകരണം - മോട്ടോർ വാഹനങ്ങൾ- വാഹനം വാങ്ങൽ 'എന്ന ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് ഓഫീസുകളിൽ ഉപയോഗത്തിൽ ഇരിക്കുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും 10 വർഷത്തിന്മേൽ കാലപ്പഴക്കം ഉള്ളതിനാൽ അറ്റകുറ്റപ്പണികൾക്ക് 'മേൽ നോട്ടം-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ശീർഷകത്തിലെ വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നർക്കോട്ടിക്ക് ഡ്രഗ്സ് ഉൾപ്പെടുന്ന കേസ്സുകളുടെ എണ്ണം മുൻകാലങ്ങളെക്കാൾ വർദ്ധിച്ചുവരുന്നതിനാലും, അന്താരാഷ്ട്ര ബന്ധമുള്ള ലഹരിമരുന്ന് വ്യാപാര കേസ്സുകൾ തെളിയിക്കുന്നതിനും, ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രതിഫല തുക നൽകേണ്ടി വരുന്നതിനാലും, 'മേൽനോട്ടം-രഹസ്യ സേവന ചെലവുകൾ' എന്ന ശീർഷകത്തിൽ വകയിരുത്തിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 5.40 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പിന്റെ ആസ്ഥാന മേഖലാ ജില്ലാ കാര്യാലയങ്ങളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഇ-ഓഫീസ്, ഇ-കർബ് എന്നിവയുടെ പരിപാലനത്തിനും, പരിഷ്കരണത്തിനും 'മേൽനോട്ടം-മറ്റ് ചെലവുകൾ-മറ്റിനം' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 6.30 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് ഓഫീസുകളിലേക്ക് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ കാലപ്പഴക്കംമൂലം ഇന്ധനക്ഷമത കുറഞ്ഞതിനാലും, കൂടുതൽ വാഹനങ്ങൾ വകുപ്പിലേക്ക് അനുവദിച്ചിട്ടുള്ളതിനാലും, കാലാനുസൃതമായി ഇന്ധനവിലയിലുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലും

'മേൽനോട്ടം-പി.ഓ.എൽ.' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 45 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പ് ജീവനക്കാർക്ക് ലഭിച്ച വേതന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ നടത്തുന്ന യാത്രയ്ക്ക് അനുസൃതമായി യാത്രാബത്ത നൽകേണ്ടിവരുന്നതിനാൽ 'റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ-യാത്രാബത്ത' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിമുക്തി പദ്ധതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച ലഹരിമുക്ത കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി 'വിമുക്തി' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ അധികമായി 22 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇന്ന് മദ്യത്തെക്കാൾ വലിയ വില്ലനായി മയക്കമരുന്ന് മാറിയിട്ടുണ്ടെന്നും റോഡപകടങ്ങളിൽ പലതിനും കാരണം മയക്കമരുന്നാണെന്നും വിമുക്തിയുടെ ഭാഗമായി വീടുകൾ സന്ദർശിക്കുന്നതിനുള്ള പദ്ധതിയിൽ നിലവിൽ അയൽക്കൂട്ടം വരെയുള്ള സംഘടനാ സംവിധാനമുണ്ടെന്നും കുടുംബശ്രീ പോലുള്ള സംഘടനകളുടെ സഹായത്തോടുകൂടി വീടുകളിൽ പോയി വ്യക്തികളെ കണ്ട് സംസാരിച്ചാൽ പ്രസ്തുത വ്യക്തികളിൽ മാറ്റങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതായും സ്കൂളുകളിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസ്സെടുക്കൽ മാത്രമായതുകൊണ്ട് പരിമിതിയുണ്ടെന്നും സമിതി വിലയിരുത്തി.

എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കൂൾ/ കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തുന്ന ലഹരിമരുന്നുപയോഗ ത്തിനെതിരെയുള്ള ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും പൊതുജന ങ്ങളിലേയ്ക്ക് വേണ്ടവിധം എത്താത്തതിനാൽ ലഹരിമരുന്നുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ ക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവൽക്കരണ പ്രസംഗങ്ങൾക്ക് പകരം ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കുണ്ടാകാൻ സാധ്യതയുള്ള രോഗങ്ങൾ, ലഹരിമരുന്നുപയോഗംമൂലം വായ്, ശ്വാസകോശം, വൃക്കകൾ തുടങ്ങി വിവിധ ശരീര ഭാഗങ്ങൾക്ക് രോഗം ബാധിക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ, ലഹരിമരുന്നുപയോഗം മൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ ഇവയെല്ലാം തുറന്നുകാട്ടുന്ന വിവിധ

ദൃശ്യങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ഹ്രസ്വചിത്രങ്ങൾ, കലണ്ടറുകൾ എന്നിവ ക്യാമ്പസുകളിൽ പ്രദർശിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇവയുടെ ദൂഷ്യഫലങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നിരന്തരം പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് 'ബോധവൽക്കരണവും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 85.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, ആയതിന്റെ ഭാഗമായി നിലവിൽ 3012 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ക്ലബ്ബുകളുടെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും വേണ്ടി അധിക തുക ആവശ്യമാകയാൽ 'സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം' എന്ന ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഉച്ചയ്ക്ക് ശേഷം 2.45-ന് യോഗം അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.